ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. തോമസ് ഐസക്ക്)* : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സഭ പാസ്സാക്കിയിരിക്കുന്നു.

IX 58-ാം ചട്ടപ്രകാരമുള്ള ചർച്ച

(1) ധാതുമണൽ ഖനനം സംബന്ധിച്ച് റിട്ട. ജസ്റ്റിസ് കെ. ജോൺ മാത്യു കമ്മീഷൻ സംസ്ഥാന സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൻമേലുള്ള ചർച്ച

(വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് നോട്ടീസ് നൽകിയത്)

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ വി കെ. ഇബ്രാഹിം കുഞ്ഞ്)* : സർ, ധാതുമണൽ ഖനനത്തെപ്പറ്റി പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് കെ. ജോൺ മാത്യു കമ്മീഷൻ റിപ്പോർട്ട് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നേരത്തേതന്നെ വിതരണം ചെയ്തിട്ടുണ്ട്. നിയന്ത്രണങ്ങളുടെയും ഉപാധികളുടെയും അടിസ്ഥാനത്തിൽ ഖനനമാകാം എന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഈ കമ്മിറ്റി വരുന്നതിനുമുമ്പ് 13-1-2003-ൽ ഡോ. ത്രിവിക്രമൻജി ചെയർമാനായും 4-2-2004-ൽ ശ്രീ. ടി. എം. മഹാദേവൻ ചെയർമാനായിട്ടുള്ള കമ്മിറ്റിയും ഈ വിഷയം പഠിച്ച് ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എല്ലാ റിപ്പോർട്ടുകളും ബഹുമാനപ്പെട്ട എം.എൽ.എ-മാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ മൂന്ന് പഠന റിപ്പോർട്ടുകളും വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായി നമ്മുടെ തീരത്ത് ലഭ്യമായ ലോകോത്തര മേന്മയുള്ള ധാതുമണൽ ഖനനം ചെയ്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയും തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇൽമനൈറ്റ്, റൂട്ടൈയിൽ, സിർക്കോൺ, മോണോസൈറ്റ്, സിർക്കനൈറ്റ്, ഗാർനെറ്റ് എന്നിവയടങ്ങിയ നമ്മുടെ തീരപ്രദേശത്തെ സമ്പുഷ്ടമായ ധാതുമണൽ കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരപ്രദേശങ്ങളിൽനിന്നുമാത്രം സംഭരിച്ചാൽ അമ്പതിനായിരം കോടി രൂപ വിലവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് മൂല്യവർദ്ധിത ഉൽപ്പന്നമായി മാറ്റിയാൽ അഞ്ച് ലക്ഷം കോടി രൂപയുടെ അധിക

LIBRARY ARCHIVES Kerala Legislative Assembly

വരുമാനമുണ്ടാക്കാമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇത് ചൂഷണം ചെയ്യുന്നതിന് നമുക്ക് ഇതുവരെയും സാധിച്ചിട്ടില്ല. കഴിഞ്ഞ എഴുപത് വർഷങ്ങളായി ഈ രംഗത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.-ക്കും, ഇരുപത്തിയഞ്ച് വർഷത്തിലേറെയായി പ്രവർത്തിക്കുന്ന സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ.-നും കേരള സർക്കാർ മൈനിംഗ് ലീസ് അനുവദിച്ചിട്ടുള്ള സ്ഥലത്തുനിന്നും ഇന്നേവരെ 0.5% പോലും എടുത്തുതീർക്കാൻ സാധിച്ചിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് കൂടുതൽ സ്ഥാപനങ്ങൾ ഈ രംഗത്തേക്ക് കൊണ്ടുവരികയും, ഇടവപ്പാതിക്കും തുലാവർഷത്തിനും നമുക്ക് നഷ്ടപ്പെടുന്ന ഈ വിലയേറിയ ധാതുസമ്പത്ത് ഉപയോഗിക്കുകയും ചെയ്യണമെന്നുള്ള വാദം ശക്തിപ്പെട്ടത്. കേന്ദ്ര ഗവൺമെന്റ് ധാതുഖനൻ മൈനം സംബന്ധിച്ച് ഒരു ദേശീയനയം 6-10-1998-ൽ പ്രഖ്യാപിക്കുകയുണ്ടായി. മൈനമേഖല സംയുക്ത സംരംഭങ്ങൾക്കും സഹകാര്യ സ്ഥാപനങ്ങൾക്കും വിദേശ നിക്ഷേപകർക്കുംകൂടി തുറന്നുകൊടുക്കണമെന്നാണ് പ്രസ്തുത നയത്തിൽ പറയുന്നത്. സംസ്ഥാന സർക്കാർ 2002-ൽ കേരള ധാതുഖനൻ മൈനം നയം പ്രഖ്യാപിച്ചു. പ്രസ്തുത നയത്തിൽ മൈനിംഗിന് മാത്രമായി ലീസ് അനുവദിക്കില്ലായെന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംയുക്ത മേഖലയിലുള്ള കമ്പനികൾക്കു മാത്രമേ മൈനിംഗ് ലീസ് അനുവദിക്കുകയുള്ളൂ എന്നും പ്രഖ്യാപിച്ചിരുന്നു. ഈ നയസമീപനത്തിന്റെ പരിധിയിൽ വരുന്ന സംയുക്ത സംരംഭകരെ കണ്ടെത്തുന്നതിനുള്ള നോഡൽ ഏജൻസിയായി കെ. എസ്. ഐ. ഡി. സി.-യെ തെരഞ്ഞെടുത്തുകയും ചെയ്തു. കെ.എസ്.ഐ.ഡി.സി. വിശദമായ പത്രപ്പരസ്യം ചെയ്ത്, ലഭിച്ച അപേക്ഷകളിൽനിന്നും ജോയിന്റ് സെക്ടറിലുള്ള കേരള റെയർ എർത്ത് മിനറൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും 30-4-2003-ൽ ചേർന്ന മന്ത്രിസഭാ യോഗം അവരുടെ അപേക്ഷകൾ കേന്ദ്ര സർക്കാരിലേക്ക് അയച്ചുകൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. പക്ഷേ, പല കോണുകളിൽനിന്നും ഉണ്ടായ സംശയങ്ങളും ആശങ്കകളും ദൂരീകരിക്കുന്നതിനുവേണ്ടി വീണ്ടും കമ്മിറ്റികളെ നിയോഗിക്കപ്പെട്ടു. ജസ്റ്റിസ് ജോൺ മാത്യു കമ്മീഷൻ റിപ്പോർട്ട് കിട്ടിയതിനുശേഷം 14-6-2005-ൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം തിരുവനന്തപുരത്ത് വിളിച്ചുചേർക്കുകയുണ്ടായി. പലരും വിട്ടുനിന്നുവെങ്കിലും പങ്കെടുത്ത എല്ലാവരും ഉപാധികളോടെ മൈനമാകാം എന്ന അഭിപ്രായത്തിലാണ് എത്തിച്ചേർന്നത്. (1) മൈനംമൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകരുത്. (2) സാങ്കേതിക വിദഗ്ധരല്ലാത്ത മുഴുവൻ തൊഴിലാളികളെയും തദ്ദേശവാസികളിൽ നിന്നുതന്നെ എടുക്കണം. (3) ഇപ്പോൾ ഐ. ആർ. ഇ-യിലും കെ.എം.എം.എൽ.-ലും ഉള്ളതുപോലുള്ള വെൽഫെയർ സ്കീംസ് നടപ്പാക്കണം തുടങ്ങിയവയാണ് അവിടെ ഉയർന്ന നിർദ്ദേശം. എറണാകുളം ജില്ലയിൽ പ്രത്യക്ഷമായും ആലപ്പുഴ ജില്ലയിൽ പരോക്ഷമായും രണ്ടായിരം പേർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന ഈ പദ്ധതിക്കായി, ഒരു വർഷം ടൺ സംഭരണശേഷിയുള്ള ഒരു ഫാക്ടറി സ്ഥാപിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഖജനാവിലേക്ക് പ്രതിവർഷം അമ്പതുകോടി രൂപയുടെ വരുമാനം ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു. വളരെ പിന്നോക്കം നിന്നിരുന്ന ഗൾഫ് രാജ്യങ്ങൾ എണ്ണ ഖനനം ചെയ്ത് സമ്പന്നമായതുപോലെ സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയ്ക്ക് കാര്യമായ പങ്ക് വഹിക്കാൻ ഈ ധാതുഖനനത്തിന് കൊണ്ട് സാധിക്കും. എണ്ണ കുഴിച്ചെടുക്കുന്തോറും കുറയുമെങ്കിലും ധാതുഖനനം എടുക്കുംതോറും കടൽ വീണ്ടും അത് തീരത്ത് കൊണ്ടുവന്ന് നിക്ഷേപിക്കും. നമ്മുടെ തീരപ്രദേശത്ത് ഇപ്പോൾ നടക്കുന്ന ഖനനം യന്ത്രങ്ങൾ ഉപയോഗിച്ചുള്ള deep sea mining ആണ്. എഴുപത് വർഷമായി അവിടെ നടന്നുവരുന്ന ഖനനംമൂലം യാതൊരുവിധ പാരിസ്ഥിതിക പ്രശ്നങ്ങളും അവിടെ ഉണ്ടായിട്ടില്ലെന്നാണ് വിദഗ്ധരുടെ അഭിപ്രായം. ഇവിടെ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത് മുപ്പത് സെന്റിമീറ്റർ ആഴത്തിൽ യന്ത്രങ്ങൾ ഒന്നുംതന്നെ ഉപയോഗിക്കാതെ മിനറൽ സാൻഡ് കളക്ഷൻ നടത്തണമെന്നാണ്. ജസ്റ്റിസ് ജോൺ മാത്യു കമ്മിറ്റിയിൽ അണുശക്തി വകുപ്പിന്റെ ഡയറക്ടർ ഡോ. കെ. കെ. ദിവേദി, ജിയോളജിക്കൽ സർവ്വേ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ബി. സി. പോസ്റ്റാർ എന്നീ വിദഗ്ധർ അംഗങ്ങളായിരുന്നു. ഈ റിപ്പോർട്ടിൻമേൽ നല്ല ചർച്ച ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ പുരുക്കുന്നു.

ശ്രീ. കെ. വി. രാജേന്ദ്രൻ : സർ, ഈ ചർച്ച ഇവിടെ നടത്താൻ തീരുമാനിച്ചത് ഗവൺമെന്റ് ഇതു സംബന്ധിച്ച എല്ലാവരുടേയും അഭിപ്രായങ്ങൾ കേൾക്കാനും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഒരു തീരുമാനത്തിൽ എത്താനുമാണെന്ന് വിചാരിക്കുകയാണ്. കമ്മീഷന്റെ തീരുമാനം വന്നപ്പോൾ മന്ത്രി പറഞ്ഞത് ചർച്ചയ്ക്കു വിളിച്ചിട്ട് വന്നില്ല, വന്നവരെല്ലാം അനുകൂലിച്ചു എന്നാണ്. വന്നവരെല്ലാം അനുകൂലിച്ചു എന്നുപറയുന്നത്, അവർ കരിമണൽ ഖനനം നടത്തണം എന്ന campaign-ൽ പങ്കെടുക്കുന്നതിനുവേണ്ടി നിവനിൽക്കുന്നവരാണ്. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ നടത്തിയ റിപ്പോർട്ടും അവർ നടത്തിയ തെളിവെടുപ്പും അവരുടെ നിഗമനങ്ങളും അവരുടെ രീതിയുമെല്ലാം ശക്തിയായിട്ട് എതിർക്കുകയും അതിന്റെ രീതികളെയും അതിന്റെ നടപടിക്രമങ്ങളെയും ചോദ്യം ചെയ്യുകയും ചെയ്ത ഒരുപാട് അഭിപ്രായങ്ങൾ ഉണ്ടായതാണ്. നമ്മുടെ മിക്കവാറും പത്രങ്ങളും ഇതുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞൻമാരും വിദഗ്ധരായ ആളുകളുമൊക്കെ ഈ കമ്മീഷന്റെ നിഗമനങ്ങളെ ശക്തിയായി എതിർത്തിട്ടുള്ള സാഹചര്യത്തിൽ ഗവൺമെന്റ് ഇങ്ങനെ ഒരു ചർച്ചയ്ക്ക് വിളിച്ചതുതന്നെ തെറ്റായിപ്പോയി. അത് അൽപ്പം ധാർഷ്ഠ്യം നിറഞ്ഞ നിലപാടായില്ലേ എന്ന് ഈ സന്ദർഭത്തിൽ ഞാൻ ഉന്നയിക്കുകയാണ്. കാരണം, ഈ മേഖലയിൽ

മാത്രം സുനാമി ദുരന്തം ഉണ്ടായ സാഹചര്യത്തിൽ പഠനം നടത്തണമെന്ന് ചിന്തിക്കുന്നതിനു പകരം സുനാമി ഉണ്ടായതിനെക്കാൾ തിരമാലകൾ ഈ മേഖലയിൽ അടിച്ചുകയറി. ജനങ്ങളുടെ ജീവനും സ്വത്തിനും നഷ്ടമാകുന്ന ഇത്രയധികം മഹാദുരന്തം ഉണ്ടായിട്ടും ഇത്രയധികം എതിർപ്പുകൾ ഉണ്ടായിട്ടും അതേ പ്രദേശത്തുതന്നെ കരിമണൽ ഖനനം നടത്തണമെന്ന് കമ്മീഷനെവച്ച് റിപ്പോർട്ടുണ്ടാക്കി ഇത് ചർച്ച ചെയ്യാനുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്ന് തീരുമാനിച്ചത് ശരിയല്ല.

തൃക്കുന്നപ്പുഴ, ആറാട്ടുപുഴ ഭാഗങ്ങളിൽ എത്ര കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് വരുമാനമുണ്ടാക്കുന്നതാണെങ്കിലും യാതൊരു കാരണവശാലും കരിമണൽ ഖനനം നടത്താൻ പാടില്ല. സുചിന്തിതമായ ഞങ്ങളുടെ അഭിപ്രായം ഞാൻ ഇവിടെ പറയുകയാണ്. എത്ര സമ്പത്ത് കിട്ടുമെങ്കിലും അത് സഹകാര്യ മേഖലയിൽ ആയാലും പൊതുമേഖലയിൽ ആയാലും കരിമണൽ ഖനനം അവിടെ നടത്താൻ പാടില്ല. ശാസ്ത്രീയമായി കൂടുതൽ പഠനങ്ങൾ ഇനിയും നടത്തണം. ആ പഠനങ്ങളുടെയൊക്കെ അടിസ്ഥാനത്തിൽ കൂടുതൽ കൂടുതൽ പഠിക്കുക, ആ പഠിക്കുന്നതിൽനിന്നു കിട്ടുന്ന അറിവുവച്ചുകൊണ്ട് കൂടുതൽ പിന്നെയും മനസ്സിലാക്കാൻ ശ്രമിക്കുക. അതല്ലാതെ കേരളത്തിന്റെ കടലോരമേഖലയിലുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും അപകടമുണ്ടാകത്തക്ക വിധത്തിൽ ഇത്തരം നടപടികളുമായി മുന്നോട്ടുപോയാൽ അംഗീകരിക്കാൻ കഴിയില്ല. ഒരു കാര്യംകൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കരിമണൽ അവിടെ അങ്ങനെ അടിഞ്ഞു കിടക്കുന്നതുകൊണ്ടാണ് ഇത്രയെങ്കിലും തിരകളെ, കടൽക്ഷോഭങ്ങളെ തടയാൻ കഴിയുന്നത് എന്നു പറയുന്നു. അതുകൂടി അവിടെനിന്ന് നീക്കിയാൽപ്പിന്നെ ആ പ്രദേശങ്ങളൊക്കെ വലിയ ദുരന്തഭൂമിയായി മാറുന്ന അത്തരം ഒരു സ്ഥിതിയിലേക്ക് നമ്മുടെ ഗവൺമെന്റ് പോകാൻ പാടില്ല. കേരളത്തിൽ ശ്രീ. വി.എം. സുധീരൻ ഉൾപ്പെടെ ഞങ്ങൾ ഇടതുപക്ഷ പാർട്ടികൾ ശക്തമായി ആലപ്പുഴ തീരദേശ മേഖലയിൽ നടത്തിയ പ്രക്ഷോഭണങ്ങളുടെയും, പത്രമാധ്യമങ്ങളുടെയും, അതുപോലെ എഴുത്തുകാരും ബുദ്ധിജീവികളും നാടിനെ സ്നേഹിക്കുന്ന ഒരുപാട് ജനവിഭാഗങ്ങളും ഇക്കാര്യത്തിൽ അതിശക്തമായി ഒരു ബഹുജന പ്രസ്ഥാനം ഇവിടെ വളർത്തിവന്നതിന്റെ ഫലമായി ഇത്തരം അഭിപ്രായങ്ങൾ ഇവിടെ വന്ന സാഹചര്യത്തിൽ ആ അഭിപ്രായങ്ങളൊക്കെ പരിഗണിക്കാൻ ഗവൺമെന്റ് ശ്രമിക്കേണ്ടതാണ്. കെ.പി.സി.സി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി, ഇപ്പോൾ അവിടെ ഇരിക്കുന്ന എം.എൽ.എ. മാരൊക്കെ ഉൾപ്പെടുന്ന ഒരു വലിയ കമ്മിറ്റി കൂടി ഇതുസംബന്ധിച്ച് കെ.പി.സി.സി.യുടെ അഭിപ്രായം എന്ന രീതിയിൽ ബഹുമാന്യ സുഹൃത്ത് രമേശ് ചെന്നിത്തല, കരിമണൽ ഖനനവുമായി മുന്നോട്ടുപോകാൻ പാടില്ല, അങ്ങനെയല്ല ഞങ്ങൾ ആഗ്രഹിക്കുന്നത് എന്നു പറഞ്ഞ ഒരു സാഹചര്യത്തിൽ, ഈ കോൺഗ്രസ് പ്രതിനിധികൾ, നേതാക്കൻമാർ ഇവിടെ പറയുന്ന അഭിപ്രായം എന്താണെന്ന് അറിയാൻ താൽപ്പര്യമുണ്ട്. അത് ഈ ചർച്ചയിൽ വളരെ പ്രധാനമാണ് എന്നു പറയാൻവേണ്ടിയാണ് ഞാൻ അത് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചത്. അതുകൊണ്ട് സമഗ്രമായ, ശാസ്ത്രീയമായ പഠനം നടത്തി നാടിനും ജനങ്ങൾക്കും അപകടങ്ങൾ ഉണ്ടാക്കുന്ന ഒരു പദ്ധതിയുമായി നമ്മൾ ഒരു തരത്തിലും മുന്നോട്ടുപോകരുത്. കരിമണൽ ഖനനം ഈ പ്രദേശങ്ങളിൽ എന്നന്നേക്കുമായി ഉപേക്ഷിക്കുക. ഞാൻ നിർത്തുന്നു.

ശ്രീ കെ. എൻ. എ. ഖാദർ : സർ, ദൈവത്തിന്റെ അനുഗ്രഹമായ അനുഗ്രഹമായിട്ടാണ് ഭൂമിയിൽ മനുഷ്യർ അധിവസിക്കുന്ന പല പ്രദേശത്തും പല അസംസ്കൃത പദാർത്ഥങ്ങളും കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. അവ പ്രയോജനപ്പെടുത്തി ജീവിതത്തിൽ ഒരുപാട് നേട്ടങ്ങളും വളർച്ചയും വികാസവും ലോകജനതയ്ക്ക് ഉണ്ടാക്കാൻ സാധിച്ചിട്ടുള്ളതും അങ്ങനെയാണ്. കരിമണൽ ഖനനം സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളെ സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റ് 1998-ൽ പ്രഖ്യാപിച്ച പോളിസിയനുസരിച്ച് വിദേശനിക്ഷേപം അടക്കം സ്വീകരിച്ചുകൊണ്ട് സ്വകാര്യമേഖലയിലും വിദേശമൂലധനം ഉപയോഗിച്ച് ഖനനം നടത്താൻ സൗകര്യങ്ങളുള്ള വളരെ തുറന്ന ഒരു സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. 1998-ൽ അങ്ങനെ ഒരു നയം പ്രഖ്യാപിച്ചതിനുശേഷം 2002-ലാണ് കേരള ഗവൺമെന്റ് ഒരു പോളിസി മുന്നോട്ടുവച്ചത്. കേരള ഗവൺമെന്റ് ചെയ്ത ഒരു നല്ല കാര്യം കേന്ദ്ര ഗവൺമെന്റ് പോളിസിയിൽ പറഞ്ഞമാതിരി സ്വകാര്യമേഖലയിൽ വിദേശ മൂലധനം ആകർഷിക്കുന്നതിനു പകരം കേരള ഗവൺമെന്റ് ഒരു സംയുക്ത സംരംഭമായിട്ട് തുടങ്ങണമെന്നാണ് തീരുമാനം എടുത്തത്. ഈ തീരുമാനം എടുത്തതിനുശേഷം ഇവിടെ 3 പഠനങ്ങൾ നടന്നു. മഹാദേവൻ കമ്മിറ്റി, ത്രിവിക്രമൻജിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി, അവസാനം ജോൺ മാത്യു കമ്മീഷൻ. ഈ മൂന്ന് അന്വേഷണ കമ്മീഷനുകളേയും നിയോഗിക്കേണ്ട യാതൊരു ബാദ്ധ്യതയും വാസ്തവത്തിൽ കേരള സംസ്ഥാന ഗവൺമെന്റിനില്ല. പക്ഷേ, സംസ്ഥാന ഗവൺമെന്റ് ഒരു abundant caution എന്നുള്ള നിലയ്ക്ക് വളരെ ശ്രദ്ധാപൂർവ്വം വളരെ വിദഗ്ദ്ധൻമാരായിട്ടുള്ള കുറേ ആളുകളെ നിയോഗിച്ചു. അവർ ചില്ലറക്കാരൊന്നുമല്ല, ശാസ്ത്രജ്ഞൻമാരായിട്ടുള്ള, ഒരുപാട് ഉയർന്ന സ്ഥാനങ്ങളിൽ ഇരുന്നിട്ടുള്ള, നല്ല വിവരമുള്ള ആളുകളെ വച്ചിട്ടാണ് മൂന്ന് കമ്മിറ്റിയുടെ റിപ്പോർട്ട് വന്നത്. ആ മൂന്ന് പഠനങ്ങൾ പൂർത്തിയായി എന്നു വിചാരിച്ച് കരിമണൽ ഖനനം തുടങ്ങാൻ സാധിക്കുമെന്ന് ഈ നിയമം അനുസരിച്ച് പറയുന്നില്ല. ധാരാളം കടമ്പകൾ കടക്കാനുണ്ട്. 14 ഡിപ്പാർട്ടുമെന്റുകളുടെ എൻ.ഒ.സി. വേണ്ടതായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റും അതിന്റെ പ്രത്യേകമായ 14 അംഗങ്ങളുമുള്ള ഒരു സമിതിയുടെയും അനുവാദം കിട്ടേണ്ടതായിട്ടുണ്ട്. അങ്ങനെ ഈ ലോകപ്രശസ്തരായിട്ടുള്ള ശാസ്ത്രജ്ഞരുടെ അനുവാദത്തോടുകൂടി കേന്ദ്ര ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് പാസ്സാക്കിയിട്ടുള്ള നിയമങ്ങൾക്കനുസരിച്ച്, അതിനു വിധേയമായി മാത്രമേ ഈ കരിമണൽ ഖനനം നടത്താവൂ എന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതാണ്. മാത്രമല്ല, ഏറ്റവും ഒടുവിൽ പഠനം നടത്തിയ ജോൺ മാത്യു കമ്മീഷൻ പഠിച്ചിട്ടുള്ളത് 163 ഗവേഷണ പ്രബന്ധങ്ങളാണ്. 1953 മുതൽ കഴിഞ്ഞ കുറച്ചുകാലംമുമ്പുവരെ 163 ഗവേഷണ പ്രബന്ധങ്ങളിൽ ഖനനം

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് കിട്ടാവുന്ന എല്ലാ അറിവുകളും പഠനങ്ങളും ശേഖരിച്ചുതയ്യാറാക്കിയ ഒരു റിപ്പോർട്ടാണ്. ഞാൻ അതിലേക്ക് പോകുന്നില്ല. കമ്മീഷൻ വെറും ഒരു 19 ഏക്കർ സ്ഥലത്തു മാത്രമാണ് ഖനനം പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ജോൺ മാത്യു കമ്മീഷന്റെ റിപ്പോർട്ടിൽ ആ ഖനനം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കില്ല എന്നും അതുപോലെ വെറും 30 സെന്റിമീറ്റർ താഴ്ചയുള്ള സ്ഥലത്തുനിന്നും മാത്രമേ ഖനനം നടത്താവൂ എന്നും വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ പേജ് 12-ൽ The proposal at present is for the extraction of mineral sand by simple manual methods that involve scraping up to less than 30 cms. of sands along the beach. From the lakebeds sand is to be collected by diving and scooping in baskets. Extraction of this order is expected to be sustainable for a very long period with no consequence to the beach morphology. ഒരുപാട് റിപ്പോർട്ടുകളിൽ അങ്ങനെ പറഞ്ഞിട്ടുണ്ട്. പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ എന്തെങ്കിലും ഉണ്ടാക്കുമായിരുന്നു എങ്കിൽ, ഇവിടെ ഈ ഖനനം എത്രയോ വർഷങ്ങളായി നടന്നുവരികയാണ്. സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തു തുടങ്ങി ആ മേഖലയിലുള്ള ഖനനം നടന്നുവരികയാണ്. അവിടെയൊന്നും പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടായിട്ടുള്ളതായിട്ട് കാണാൻ കഴിയില്ല. സുനാമിയെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. കെ. പി. രാജേന്ദ്രൻ പറയുകയുണ്ടായി. Kerala Calling എന്നു പറയുന്ന പ്രസിദ്ധീകരണത്തിൽ 2005 മാർച്ച് മാസം ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. അതിൽ റേഡിയേഷനെപ്പറ്റിയൊക്കെ പറഞ്ഞിട്ടുണ്ട്. ഈ മോണോസൈറ്റ് എന്നു പറയുന്ന സാധനം ധാരാളമായിട്ട് ഉണ്ടാകുമ്പോഴാണ് വാസ്തവത്തിൽ റേഡിയേഷൻ ഉണ്ടാകുക. അത് ഖനനം ചെയ്താൽ റേഡിയേഷൻ കുറയും എന്നാണ് എൻ.ജെ.കെ. നായർ എന്നു പറയുന്ന സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ വിദഗ്ദ്ധനായ ശാസ്ത്രജ്ഞന്റെ രേഖനത്തിൽ പറയുന്നത്. The worst-hit area viz. the tract from Kannimelasseri to Arattupuzha is now embedded with thick seams of heavy mineral sand and is hence an area of high radiation. This may lead to heavy health hazards like respiratory diseases, cancer, miscarriages among women, down syndrome and such other..... എന്നൊക്കെ പറഞ്ഞിട്ട് അദ്ദേഹം പറയുകയാണ്, The wise step therefore would be to earmark the area as a 'Land Reserve'. The mining activity need be continued എന്നാണ്. അതുവന്നാലാണ് ഈവിധ രോഗങ്ങളിൽനിന്ന് രക്ഷപ്പെടാൻ കഴിയുക എന്നാണ് അദ്ദേഹം പറഞ്ഞത്. അതുമാത്രമല്ല, ഇപ്പോൾ ഈ പ്രദേശത്ത് ഖനനം എന്നുള്ള വാക്കുതന്നെ പ്രയോഗിക്കാൻ പാടില്ല. ഇത് വാസ്തവത്തിൽ ഒരു ഹാർവെസ്റ്റിംഗാണ്, ഒരു ഖനനമല്ല. എന്നാൽ ഇപ്പോൾ എടുക്കുന്നില്ലേ? അതൊരു പ്രശ്നമാണ്. കള്ളത്തരത്തിലും വ്യാജമായും ഇഷ്ടാനുസരണം ലോഡ് തമിഴ്നാട്ടിലേക്ക് പോകുന്നു, പല സ്ഥലങ്ങളിലേക്കും പോകുന്നു. അതിൽനിന്ന് കുറേ ആളുകൾ കുറ്റം വാങ്ങി കാശുകാരായി മാറുന്നു. അങ്ങനെ നിക്ഷിപ്ത താൽപ്പര്യക്കാർ ധാരാളമായിട്ട് ഈ രംഗത്ത് പ്രവർത്തിക്കുകയും ചെയ്യുന്നു. ഇപ്പോൾത്തന്നെ ധാരാളമായി നടക്കുന്നുണ്ട്. ധാരാളം സാധനങ്ങൾ അവിടെനിന്നും കൊണ്ടുപോകുന്നുണ്ട്. ഞാൻ പറയുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

ജനറലായിട്ട് പറഞ്ഞാൽ ഭൂമിയിൽ പെണ്ണുണ്ട്, സ്വർണ്ണമുണ്ട്, വെള്ളിയുണ്ട്, കടലിനടിയിൽ മുത്തുണ്ട്, പവിഴമുണ്ട്, പാറ പൊട്ടിക്കുന്നുണ്ട് ഈ കേരളത്തിലെ 44 നദികളും ഊറ്റി തകരാറാക്കുന്നുണ്ട്. ഇങ്ങനെ നോക്കിയാൽ മീൻ പിടിക്കാൻ പാടുണ്ടോ, മീൻ പിടിക്കാൻ പാടില്ലല്ലോ. പാറ പൊട്ടിക്കാൻ പാടുണ്ടോ, സ്വർണ്ണം കുഴിച്ചെടുക്കാൻ പാടുണ്ടോ, പെട്രോളിയം എടുക്കാൻ പാടുണ്ടോ. ഇതൊക്കെ എടുക്കാൻ പാടുണ്ടോ. ഇവിടെ മാത്രം എന്തു നിയമമാണ്, വേറെ എന്തു ന്യായമാണ് ഇതിൽ പറയുന്നത്.

6.00 P. M.

അതുകൊണ്ട് നമ്മുടെ രാജ്യത്തിന് സമ്പത്തായിട്ട് കിട്ടിയിട്ടുള്ള ഈ സാധനം ഉപയോഗിച്ച്, ആയിരക്കണക്കിന് ആളുകൾക്ക് പണി കിട്ടുന്ന ഒരു സംവിധാനമാണ്. അതാണ് തുടക്കത്തിൽ ഞാൻ ദൈവാനുഗ്രഹം എന്നു പറഞ്ഞത്. 50 കോടി ഉറുപ്പിക ഓരോ വർഷവും നമ്മുടെ സംസ്ഥാനത്തിന് കിട്ടുന്നു. ധാരാളം ആളുകൾക്ക് ജോലി കിട്ടുന്നു. ഞാൻ പറയുന്നത് വലിയ തോതിലെങ്കിലും വളരെ സെൻസിറ്റീവ് ആയിട്ടുള്ള ഏരിയ ഒഴിവാക്കിയിട്ട് ഈ പ്രവർത്തനം ആരംഭിക്കണ്ടേ, അങ്ങനെ പെനനം ആരംഭിച്ച്. അതിന്റെ പ്രത്യാഘാതങ്ങളൊന്നും വോകത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, ആ ഡെപ്പോസിറ്റ് നമ്മൾ അവിടെനിന്ന് എടുത്തിട്ടില്ല എന്നു വയ്ക്കുക. നാളെ കടൽ കടന്നുവന്ന് ഇത് ഒന്നിച്ചുകൊണ്ടുപോയാലോ. ഇത് തിരിച്ചുപോകാമല്ലോ. തിരിച്ചുകൊണ്ടുപോകാനുള്ള സാദ്ധ്യതയുണ്ട്. മാത്രമല്ല, ഓരോ മൺസൂൺ സീസണിലും കുറഞ്ഞുപോയതിനനുസരിച്ച് ധാരാളമായി അവിടെ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ട്. ഇപ്പോഴത്തെ ഡെപ്പോസിറ്റ് നോക്കിയാൽ ഹെവി മെറ്റൽസ് ഈ പറഞ്ഞ സിറിമൈനറും മോണോസൈറ്റും ഇൽമനൈറ്റും ഇവയൊക്കെയുണ്ടല്ലോ ഹെവി മെറ്റൽസാണ്. ആ സാധനങ്ങളെല്ലാം ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് മുകളിലാണ്. അപ്പോൾ ആക്രമണം ഉണ്ടായിട്ടുണ്ടെങ്കിൽ കനംകുറഞ്ഞ സാധനങ്ങളാണ് അടിയിലുള്ളത്. അപ്പോഴാണ് അപകടം വരാൻ സാധ്യത. പിന്നെ സുനാമിയും ഇതുമായി ബന്ധപ്പെടുത്തുന്നതിൽ ഒരു കാര്യവുമില്ല. എതിർപ്പുകൾ എന്നുപറഞ്ഞാൽ എന്തിനാണ് എതിർപ്പില്ലാത്തത്. അപ്പോൾ കുറച്ച് ആളുകളുടെ വിയോജിപ്പോടുകൂടിത്തന്നെ ആരംഭിക്കണം. ഞാൻ ബാക്കിയൊന്നും പറയുന്നില്ല, എല്ലാ സംഗതിയിലും എതിർപ്പുണ്ടല്ലോ. നമ്മുടെ ഈ സംസ്ഥാനത്തെ നിർഭാഗ്യമാണ്, ചില ആളുകൾക്ക് പൊളിറ്റിക്കൽ സ്പെയിസ് കിട്ടാൻവേണ്ടി എന്തു വിഷയവും ഏറ്റെടുക്കുകയാണ്. ഈ പൊളിറ്റിക്കൽ സ്പെയിസ് വേണമല്ലോ. എനിക്ക് ഈ രാജ്യത്ത് രാഷ്ട്രീയരംഗത്ത് നിൽക്കാൻ ഒരു സ്പെയിസ് വേണമല്ലോ. ആ സ്പെയിസിനുവേണ്ടി എതിർക്കുകയാണെങ്കിൽ അതിനെ എതിർക്കാം. അതുകൊണ്ട് വളരെ വലിയ സമ്പത്തായ നമുക്ക് കിട്ടിയിട്ടുള്ള ഈ വസ്തു ഉപയോഗിച്ചിട്ട്, ഇനി വേറെയുണ്ട്, ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികാസത്തിന്റെ സമയത്ത് നമ്മുടെ ഈ സാധനം ഒരു പക്ഷേ, ഈ മോണോസൈറ്റും ഇൽമനൈറ്റും സിറിമിനൈറ്റും ഉപയോഗിക്കാത്ത ഒരു കാലം വന്നേക്കാം. ശാസ്ത്ര സാങ്കേതിക വികാസം ഇങ്ങനെ വളരെ സ്പീഡിൽ പോയിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ ഈ സാധനം വിലയില്ലാത്തതായി വന്നേക്കാം. മാറ്റങ്ങൾ വരാം. രസതന്ത്രം മാറാം. ശാസ്ത്രം മാറാം. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മോണോകൈസെറ്റ് ആവശ്യമില്ലാത്ത ഇപ്പോൾത്തന്നെ മോണോകൈസെറ്റ് ഇല്ലാതെതന്നെ കാര്യങ്ങൾ കഴിയുന്ന ഒരു സ്ഥിതിയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യാ രാജ്യത്ത് 72 സ്ഥലങ്ങളിൽ ഖനനം നടത്താൻവേണ്ടി പെർമിഷൻ കൊടുത്തിട്ടുണ്ട്. ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, വെസ്റ്റ് ബംഗാൾ ഇങ്ങനെ എല്ലാ സംസ്ഥാനങ്ങളിലും ഉണ്ട്. എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു സംരംഭം ആരംഭിക്കണം, ശ്രമം തുടങ്ങണം. 163 ഗവേഷണ പ്രബന്ധങ്ങൾ പഠിച്ചിട്ടാണ് ജോൺ മാത്യു കമ്മീഷൻ റിപ്പോർട്ട് വച്ചിരിക്കുന്നത്. ഈ 163 പ്രബന്ധങ്ങളും പഠനം നടത്തിയ ആളുകളൊക്കെ ഏതോ മുതലാളിമാർക്ക് വേണ്ടിയാണോ ഇത് ഉണ്ടാക്കിയത്. 1953 മുതൽ ഈ കാലംവരെയുള്ള പ്രബന്ധങ്ങൾ ഉണ്ടാക്കിയത് ഗവൺമെന്റിനുവേണ്ടിയാണോ? ആരുടെയെങ്കിലും താൽപ്പര്യങ്ങൾക്ക് വേണ്ടിയാണോ? വളരെ സയന്റിഫിക് ആയിട്ടുള്ള പഠനമായിരുന്നു. അതുകൊണ്ട് നാം രാഷ്ട്രത്തിന്റെ നൻമയ്ക്കുവേണ്ടി എല്ലാവരും ചേർന്ന്, ആ കൺസെൻസസ് ഇതിൽ വേണം, ചിലയാളുകൾക്ക് രാഷ്ട്രീയകാർണങ്ങളാൽ യോജിക്കാൻ പറ്റില്ല, അവർ യോജിച്ചു എന്നുവരട്ടെ, ഭൂരിപക്ഷം ആളുകൾക്കും ആ കൺസെൻസസ് ഉണ്ട്. എതിർപ്പുകൾ ഉണ്ടാകും. ഏത് സംഗതിയിലും ഉണ്ടാകും. ഇപ്പോൾ ആ രീതിയിൽ അൽപ്പസ്വൽപം റിയോജിപ്പോടുകൂടിയാണെങ്കിലും നമുക്ക് ഈ സംരംഭം തുടങ്ങിവയ്ക്കാം. യന്ത്രങ്ങൾ ഉപയോഗിക്കുന്നില്ല. പിന്നെ ഈ ഹാർവെസ്റ്റിംഗ് നടക്കുമ്പോൾ ഒരു ഭാഗത്ത് 30 സെ. മീ. താഴ്ന്ന് കുഴിവരുന്നു. അങ്ങേപ്പുറത്തെ കുഴിയിൽനിന്ന് എടുക്കുമ്പോൾ ഈ കുഴി നികത്തുകൊണ്ടിരിക്കുകയാണ്. ഇവിടത്തെ കരിമണലിന്റെ ഡെപ്പോസിറ്റ് 60 ശതമാനമാണ്. ഒരു ശതമാനം ഡെപ്പോസിറ്റുള്ള ആസ്ട്രേലിയയിൽനിന്ന് എടുക്കുന്നുണ്ട്. 2 ശതമാനമുള്ളവർ അത് എടുക്കുന്നുണ്ട്. നമ്മൾ അത് ഉപയോഗിക്കാതിരിക്കുന്നത് സങ്കടമാണ്. നിർഭാഗ്യമാണ്. അതുകൊണ്ട് ലോകത്ത് പല പല വസ്തുക്കളും ശേഖരിച്ച് അത് ഉപയോഗിച്ച് മനുഷ്യൻ വികാസം പ്രാപിക്കുകയും സാമ്പത്തികമായി നേട്ടം ഉണ്ടാക്കുകയും ചെയ്യുമ്പോൾ എനിക്ക് പറയാനുള്ളത്, ഈ ഗവൺമെന്റും ഈ നിയമസഭയും ഒരു കൺസെൻസസ് എന്നുള്ള നിലയ്ക്ക് ഈ സംഗതി ചെറിയ തോതിലെങ്കിലും ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കമ്മീഷൻ തെളിവെടുപ്പു നടത്തിയപ്പോൾ ധാരാളം തൊഴിലാളി യൂണിയനുകൾ വന്ന് ഇത് എടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., ബി.എം.എസ്. എല്ലാ സംഘടനകളും ഖനനം വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് എങ്ങനെയെങ്കിലും അംഗീകരിച്ച് ഗവൺമെന്റ് ഖനന നടപടികൾ ആരംഭിക്കണമെന്ന് വിനീതമായി അപേക്ഷിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. തോമസ് പാഴികാടൻ: സർ, കേരളത്തിന് പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ചുനൽകിയ ഒരു അനുഗ്രഹമാണ് നമ്മുടെ ധാതുസമ്പത്ത്. അറേബ്യൻ രാജ്യങ്ങളിൽ ഇന്ന് ഓയിൽ നിക്ഷേപം ഉള്ളതുപോലെ സൗത്ത് ആഫ്രിക്കയിൽ സ്വർണ്ണനിക്ഷേപമുള്ളതുപോലെ സൗത്ത് ആഫ്രിക്കയോട് തൊട്ടുചേർന്ന ഒരു കൊച്ചു രാജ്യം ബോഡ്സ്വാന എന്നു പറയുന്ന രാജ്യത്തിൽ ഡയമണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപമുള്ളതുപോലെ നമുക്കു വേണ്ടവിധത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞാൽ നമ്മുടെ നാടിന് വലിയ പുരോഗതി കൈവരിക്കാൻ കഴിയുന്ന പ്രകൃതിയുടെ ദാനമാണ് നമുക്ക് ലഭിച്ചിട്ടുള്ള ഈ ധാതുനിക്ഷേപം. ഈ ധാതുമണൽ ഖനനം സംബന്ധിച്ച് നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ വിനിയോഗത്തെ സംബന്ധിച്ചും നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു, കേന്ദ്ര ഗവൺമെന്റ് 1998-ൽ പ്രസിദ്ധീകരിച്ച നയമനുസരിച്ച് ഇത് വേണ്ടവിധത്തിൽ വിനിയോഗിക്കാൻ സ്വകാര്യ വിദേശകമ്പനികളെ വിനിയോഗിച്ചുകൊണ്ട് വാറ്റു ആഡഡ് ആയിട്ട് നമുക്ക് ഇതിന്റെ പ്രയോജനം ലഭിക്കണമെന്നുള്ള നിർദ്ദേശമുണ്ടായിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ നിക്ഷേപം. കേരളത്തിന്റെ കോസ്റ്റൽ ഏരിയയിൽ മൊത്തം നോക്കിയാൽ ഏതാണ്ട് അറുപത്തിയാറു ലക്ഷത്തി എഴുപത്തിനാലായിരം കോടി രൂപയുടെ നിക്ഷേപം ഈ കരിമണലിലുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇപ്പോൾ വിവാദമായിരിക്കുന്ന, മണലെടുക്കാൻ ശ്രമിക്കുന്ന കായംകുളം പൊഴി മുതൽ വടക്കോട്ട് തോട്ടപ്പള്ളി ഭാഗത്തുമാത്രമായി ഏതാണ്ട് അൻപതിനായിരം കോടി രൂപയുടെ ധാതുനിക്ഷേപമുണ്ട് എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതു മുഴുവനെടുത്ത് മണൽമാറ്റി നിക്ഷേപം മുഴുവൻ നമുക്ക് നന്നത്താക്കി മാറ്റാനുമല്ല. അതിൽനിന്ന് ഒരു ചെറിയ ഭാഗം മാത്രമെടുത്ത് മാറ്റിയാൽപ്പോലും ഈ തോട്ടപ്പള്ളി, ആറാട്ടുപുഴ, കായംകുളം, തൃക്കുന്നപ്പുഴ പ്രദേശത്തു മാത്രമായിട്ട് അയ്യായിരം കോടി രൂപയുടെ വരുമാനമുണ്ടാക്കാൻ കഴിയുന്ന സാഹചര്യമാണെന്ന് പറയുന്നു. ഇവിടെ ജനങ്ങൾക്ക് വലിയ ആശങ്കയുണ്ട്. പരിസ്ഥിതിപ്രശ്നം ഉണ്ടാകുമെന്നുള്ള ആശങ്ക ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യങ്ങളെക്കുറിച്ച് വ്യക്തമായ പഠനം നടത്തി, ഇപ്പോൾ 3 കമ്മീഷനുകൾ പഠനം നടത്തിയിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിൽ നമുക്ക് ഗുണം ചെയ്യുന്ന ഈ വലിയ നിക്ഷേപം. വലിയ പ്രകൃതിസമ്പത്ത് നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി വിനിയോഗിക്കാൻ കഴിയണം. ഇത് അനുവദിക്കുമ്പോൾത്തന്നെ ധാരാളം നിയന്ത്രണങ്ങൾ വച്ചിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്നതനുസരിച്ച് ധാതുഖനനത്തിനുവേണ്ടി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ അപേക്ഷ കൊടുത്താൽ അവർ പഠനം നടത്തി. അതിനുശേഷം മാത്രമേ അപേക്ഷ ഇവിടെ വ്യവസായവകുപ്പിന് ലഭിക്കുകയുള്ളൂ. വ്യവസായ വകുപ്പ് വീണ്ടും പഠനം നടത്തിയശേഷം മാത്രമേ അത് സമർപ്പിക്കുകയുള്ളൂ. കേന്ദ്ര സർക്കാർ ഇത് പഠിച്ചതിനുശേഷം മാത്രമേ ധാതുഖനനം നടത്താമോ ഇല്ലയോ എന്നതിനെ സംബന്ധിച്ച് അനുവാദം നൽകുകയുള്ളൂ. ആ അനുവാദം കൊടുക്കുമ്പോൾത്തന്നെ നിരവധി മറ്റ് നിബന്ധനകളോടുകൂടിയാണ് ഈ അനുവാദം കൊടുക്കുന്നത്. ഇപ്പോൾ കേരളത്തിൽ വലിയ പ്രദേശത്ത് ഏതാണ്ട് 18 ഹെക്ടറിലധികം വരുന്ന പ്രദേശത്ത് ഖനനത്തിന് അനുവാദം കൊടുത്തിരിക്കുന്നതുതന്നെ അതുപോലെയുള്ള നിരവധി നിബന്ധനകൾക്കു വിധേയമായിട്ടാണ്. ആ നടപടികൾ പാലിച്ചുകൊണ്ട് പരിസ്ഥിതിക്ക് കോട്ടം ഉണ്ടാകാത്ത തരത്തിൽ, അതുപോലെതന്നെ ആ പ്രദേശത്തെ ജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ, നമുക്ക് ഈ ധാതുനിക്ഷേപം

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടവിധത്തിൽ വിനിയോഗിക്കാൻ കഴിയണം. അങ്ങനെ ചെയ്യുന്നതാണ് നല്ലത് എന്ന് വിശ്വസിക്കുകയാണ്. ആ തരത്തിൽകേരളത്തിന് പ്രത്യേകമായി ലഭിച്ചിരിക്കുന്ന ഇവിടെ സൂചിപ്പിച്ചതുപോലെ നമുക്ക് ലഭിച്ചിരിക്കുന്ന ഈ കരിമണലിലെ ധാതുവിന്റെ മിനറൽ കണ്ടന്റ് 15 ശതമാനം മുതൽ 70 ശതമാനം വരെ പോകുന്നു. ലോകത്ത് ഒരിടത്തും ഇത്രമാത്രം മിനറൽ കണ്ടന്റുള്ള മണൽ ലഭ്യമല്ല. മറ്റ് പല രാജ്യങ്ങളിലും വലിയ തോതിൽ ഉണ്ട് എങ്കിലും ഇത്രമാത്രം മിനറൽ കണ്ടന്റുള്ള മണൽ കേരളത്തിന് മാത്രമായി ലഭിച്ചിരിക്കുന്നതാണ്. അത് നമ്മൾ വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിക്കളയുന്നത് ശരിയല്ല. അതേസമയം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികളെ സംബന്ധിച്ചും ആലോചിക്കണം. ഇപ്പോൾ വളരെ വലിയ തോതിൽ ഖനനം ചെയ്യുവാനുള്ള അനുവാദമാണ് കിട്ടിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു, യന്ത്രം ഉപയോഗിച്ച് ചെയ്യാൻ പാടില്ല, മാനുവൽ ആയിട്ടുമാത്രമേ ചെയ്യാൻ പാടുള്ളൂ എന്ന്. 30 സെ. മീറ്റർ ആഴത്തിൽ മാത്രമേ എടുക്കാൻ പാടുള്ളൂ. അതുപോലെ കരയിലേക്ക് കൂടുതൽ കടന്ന് എടുക്കുന്നതിന് നിബന്ധനകൾ ഉണ്ട്. കടലിൽ സീ ഷോറിനോട് തൊട്ടുചേർന്ന ഭാഗത്തുനിന്ന് എടുക്കാവുന്നതിന് നിബന്ധനകൾ ഉണ്ട്. അത്രയേറെ നിയന്ത്രണങ്ങൾക്കു വിധേയമായി മാത്രമേ ചെയ്യാവൂ എന്ന് പറഞ്ഞിരിക്കുന്നു. ധാതുനിക്ഷേപം അത് നമ്മൾ വേണ്ടവിധത്തിൽ വിനിയോഗിക്കണമെന്നു മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഒരു രാഷ്ട്രീയ വ്യത്യാസവുമില്ലാതെ ആ പ്രദേശങ്ങളിൽ സുനാമി ദുരന്തം ഉണ്ടാകുന്നതിനുമുമ്പുതന്നെ ഭയപ്പാടോടുകൂടി എല്ലാ ജനങ്ങളും കരിമണൽ ഖനനത്തെ എതിർത്തിരുന്നു എന്ന് നമുക്കറിയാം. അതിൽ രാഷ്ട്രീയവ്യത്യാസം ഉണ്ടായിരുന്നില്ല. ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യ അംഗീകാരം നേടാനുള്ള ഉദ്ദേശ്യത്തോടുകൂടി ചെയ്തതായിരുന്നില്ല. ആ പ്രദേശത്തിന്റെ പൊതുവികാരം എന്ന നിലയ്ക്ക് ആ പ്രദേശത്തെ ജനപ്രതിനിധികളും, അത് കേന്ദ്രത്തിൽ ആയാലും സംസ്ഥാനത്തിലായാലും എല്ലാപേരും ഒരുമിച്ചു നടത്തിയ ഒരു പ്രശ്നമായിരുന്നു. അതിനുശേഷമാണ് സുനാമി ദുരന്തം ഉണ്ടായത്. സുനാമി ദുരന്തം ഉണ്ടായതിനുശേഷം അവർക്ക് വീട് കൊടുത്ത് അവരെ താമസിപ്പിക്കാൻ നമുക്ക് സാധിക്കാത്ത ഒരു അവസരത്തിൽ, തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് പുതുതായി കരിമണൽ ഖനനത്തിനുള്ള ന്യായാന്യായങ്ങൾ വിശദീകരിച്ചുകൊണ്ട്, നമുക്ക് അത്തരത്തിൽ ഒരു സമീപനം സ്വീകരിക്കാൻ സാധിക്കാവുന്നതല്ല. അതുകൊണ്ട് ഈ സന്ദർഭത്തിൽ അത്തരം ഒരു പ്രശ്നം സംബന്ധിച്ച് ആലോചിച്ചത് ശരിയല്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം.

ശ്രീ. എ. എ. അസീസ്: സർ, ജോൺ മത്തായ് ചെയർമാനായിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് വസ്തുതകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതല്ല. അത് സ്വകാര്യ കമ്പനിയെ സഹായിക്കാൻ മാത്രം തയ്യാറാക്കിയിട്ടുള്ള ഒരു റിപ്പോർട്ടാണ്. ഇത് ആലപ്പുഴയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. കേന്ദ്ര ഗവണ്മെന്റിന്റെയും സംസ്ഥാന ഗവണ്മെന്റിന്റെയും ആഭിമുഖ്യത്തിലുള്ള രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ പലയിൽ പ്രവർത്തിക്കുന്നുണ്ട്. ഐ.ആർ.ഇ.-യും കെ. എം. എം. എൽ-ഉം

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രി ജിം ഉദ്ഘാടനം ചെയ്ത വേളയിൽ അവിടെ പ്രത്യേകിച്ച് അയ്യായിരം കോടി രൂപയുടെ സിന്തറ്റിക് റൂട്ട്സ് പ്ലാന്റും മൈനിംഗ് സെപ്പറേഷൻ പ്ലാന്റും പൊതുമേഖലയിൽ സ്ഥാപിക്കുമെന്നാണ് പറഞ്ഞത്. അതിൽ 1500 കോടി രൂപ ഒന്നാം ഘട്ടമായി മുടക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. ഈ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിൽവരുത്തുന്നതിന് സംസ്ഥാന ഗവണ്മെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സ്വകാര്യ വ്യക്തികളെ സഹായിക്കുന്ന നടപടി മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. കെ.എം.എം.എൽ.-ഉം ഐ.ആർ.ഇ.-ഉം, ഈ രണ്ടു സ്ഥാപനങ്ങളാണ് അവിടെ ഉള്ളത്. ഐ.ആർ.ഇ.ക്ക് രണ്ടു വർഷത്തെ പാട്ടത്തിനാണ് ഖനനത്തിന് അനുവാദം നൽകിയിട്ടുള്ളത്. അവർ 20 വർഷത്തെ പാട്ടത്തിന് ഖനനത്തിന് അപേക്ഷിച്ചു. അവർക്ക് അത് നൽകിയിട്ടില്ല.

ഇവിടെ നേരത്തെ സൂചിപ്പിച്ച ധാതുമണൽ തൂത്തുക്കുടിയിലേക്ക് കടത്തിക്കൊണ്ടുപോകുന്നുണ്ട്. വാസ്തവത്തിൽ ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടിയാണ് നീണ്ടകരയിൽനിന്നും ഈ മണൽ കടത്തിക്കൊണ്ടുപോകുന്നത്. ഇത് കൊല്ലത്തു കൂടിയ ഡി.ഡി.സി.-യിൽ ഞാൻ ഉൾപ്പെടെയുള്ളവർ പൂണ്ടിക്കാണിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വളരെ കർക്കശമായിത്തന്നെ കൊല്ലം ജില്ലാ കളക്ടർ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് തൂത്തുക്കുടിയിലേക്ക് കടത്തുന്നത് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തു. ഒരാഴ്ചയ്ക്കകംതന്നെ ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റി. നമ്മുടെ സംസ്ഥാന ഗവണ്മെന്റിന്റെ ഡിപ്പാർട്ടുമെന്റു തന്നെ വാസ്തവത്തിൽ സ്വകാര്യ വ്യക്തികളെ സഹായിക്കുന്ന ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനവും കേന്ദ്ര പൊതുമേഖലാ സ്ഥാപനവും നിലനിൽക്കുന്നതിന് പൊതുമേഖലയിൽ ഖനനം നടത്തുന്നതിനുമാത്രമേ അനുവാദം നൽകാൻ പാടുള്ളൂ. സ്വകാര്യ വ്യക്തികൾക്ക് ഖനനം നടത്താൻ അവസരം നൽകിയാൽ നമ്മുടെ കടലോരം വിറ്റുതുലയ്ക്കും എന്നുള്ളതുകൊണ്ട് അത് അനുവദിക്കാൻ പാടില്ല എന്നുള്ളതാണ് ഞങ്ങളുടെ നയം.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഈ ഖനനത്തെ സംബന്ധിച്ചു, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ 1998-ലെ ഇന്ത്യാ ഗവണ്മെന്റിന്റെ ഒരു നയം ഉണ്ട്. Considering the growing demand for these minerals or their value-added products in the domestic as well as international markets and the potential available in the country, setting up of new plants for exploitation of the deposits in fresh locations would be in the interest of the country. Production of various value-added products of these minerals is, however, highly capital intensive and it may not be possible for only the Public Undertakings operating in this field to set up the new plants on their own. It is, therefore, necessary to allow the private sector to set up such plants within the framework of some broad guidelines. ഇത് കേന്ദ്ര ഗവണ്മെന്റിന്റെ നയം ആയിരുന്നെങ്കിലും കേരള ഗവണ്മെന്റ് ഈ നയത്തെ കുറേക്കൂടി റെസ്ട്രിക്റ്റഡ് ആക്കുകയാണ് ചെയ്തത്. 2002-ൽ കേരള ഗവണ്മെന്റിന്റെ നയം വന്നത്, As such, Government are pleased to order as follows:

(i) Mining leases will not be granted solely for the purpose of mining only.

LIBRARY ARCHIVES Kerala Legislative Assembly

(ii) Mining leases will be granted only to those factories in the State in the joint sector which produce value added products.

കേന്ദ്രനയംതന്നെ കുറേക്കൂടി റെസ്ട്രിക്ട് ചെയ്തു. ഇത് ജോയിന്റ് സെക്ടറിൽ മാത്രമേ കൊടുക്കൂ. അതനുസരിച്ച് ഐ.ആർ.ഇ.-യുടെയും കെ.എസ്. ഐ.ഡി.സി.-യുടെയും ഒക്കെ ജോയിന്റ് സെക്ടറിലാണ് നമ്മൾ അത് കൊടുത്തിരിക്കുന്നത്. ഇവിടെ ഇതിനെ സംബന്ധിച്ച ഒരു നിയമം ഉണ്ട്. ഇതൊരു പുതിയ പ്രതിഭാസം അല്ല. വികസനവും പരിസ്ഥിതി സംരക്ഷണവും ഒന്നിച്ചു പോകണമെന്നുള്ളതാണ് ഞങ്ങളുടെ നയം. ഇവിടെ മിനറൽ ഡെവലപ്മെന്റ് റെഗുലേഷൻ ആക്ടനുസരിച്ച് ഈ ഐറ്റങ്ങളെ സംബന്ധിച്ചിടത്തോളം സെൻട്രൽ ഗവണ്മെന്റിന്റെ പ്രീവിയസ് അപ്രൂവൽ ആവശ്യമുണ്ട്. On receipt of the application for the grant of a mining lease the State Government shall take decision to grant ..... അതിനുവേണ്ടി സ്ഥലം നിശ്ചയിക്കാനാണ് ആദ്യമായി തിരിക്കേണ്ടത്. അങ്ങനെ സ്ഥലം നിശ്ചയിച്ച് കമ്മ്യൂണിക്കേഷൻ നടത്തിയാൽ ആ പ്ലാൻ സെൻട്രൽ ഗവണ്മെന്റിന് കൊടുക്കേണ്ടതായിട്ടുണ്ട്. അങ്ങനെ സ്ഥലത്തിനുള്ള അംഗീകാരം കിട്ടിയതിനുശേഷം പ്ലാൻ പ്രോജക്ട് സബ്മിറ്റ് ചെയ്യണം. അതിലാണ് the plan for the area shall insist environmental impact study. ഇതനുസരിച്ച് സെൻട്രൽ ഗവണ്മെന്റ് ഏരിയയെ സംബന്ധിച്ചിടത്തോളം പ്രീവിയസ് അപ്രൂവൽ തരികയും അതനുസരിച്ച് പ്ലാൻ മൈനിംഗിന് സബ്മിറ്റ് ചെയ്യേണ്ടതായിട്ടുമുണ്ട്. അത് സബ്മിറ്റ് ചെയ്യുമ്പോൾ ആണ് ഇതിനെക്കുറിച്ച് ഡീറ്റെയിൽഡ് സ്റ്റഡി നടത്തിയത്. ഇവിടിപ്പോൾ വലിയ പ്രശ്നം ജസ്റ്റിസ് ജോൺ മാത്യു കമ്മിറ്റി എന്നുപറയുന്നത് സാങ്കേതിക കമ്മിറ്റി അല്ല എന്നുള്ളതാണ്. അതിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ജനങ്ങളെ സംബന്ധിച്ചിടത്തോളം, ആശങ്ക ഉണ്ടായപ്പോൾ അതിനെ സംബന്ധിച്ച് ഗവണ്മെന്റിന് വിവരം ലഭിക്കുന്നതിനുവേണ്ടി നിയമിച്ച മൂന്നു കമ്മിറ്റികളാണ്. അതനുസരിച്ച് the study committee constituted by the GOK is only for making a transparent study giving due regard to the apprehensions raised by peoples representative. അത് മാത്രമാണ്. ഈ റിപ്പോർട്ടിനുശേഷം മൈനിംഗ് പ്ലാൻ സബ്മിറ്റ് ചെയ്തപ്പോൾ, അതനുസരിച്ചാണ് പരിസ്ഥിതി ആഘാത പഠനം നടത്തിയത്. അതിന് വിഘാതമായിട്ടാണ് ഇപ്പോഴുള്ള ഗവണ്മെന്റിന്റെ ഉത്തരവുപോലും. ആ ഉത്തരവ് പിൻവലിക്കാതെ ഫർദർ പ്രൊസീഡിംഗ്സ് പറ്റില്ല. അതുകൊണ്ട് അതിനെ സംബന്ധിച്ച് എക്സ്പെർട്ട് സ്റ്റഡി നടത്താൻ ചട്ടം അനുസരിച്ചുള്ള അവസരമാണ്. അതല്ല ഈ റിപ്പോർട്ടെന്നും അതിനുവേണ്ടിയല്ല ഈ കമ്മിറ്റിയെന്നും ജസ്റ്റീസിന്റെ റിപ്പോർട്ടുതന്നെ പറഞ്ഞ സ്ഥിതിക്ക് തുടർന്നുപോകാനും അതിനു നിയമം അനുസരിച്ച്, 1994-ലെ നോട്ടിഫിക്കേഷനിലുള്ള ഷെഡ്യൂൾ അനുസരിച്ച് എക്സ്പെർട്ട് കമ്മിറ്റി പഠനം നടത്തിയിട്ട് പരിസ്ഥിതിക്ക് ആഘാതം ഉണ്ടാക്കാത്ത വിധത്തിൽ ഖനനം നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ്: സർ, ഇത് വളരെ അവധാനതയോടുകൂടി തീരുമാനം എടുക്കേണ്ട ഒരു വിഷയമാണ്. ആലപ്പുഴ ജില്ലയിലെ ജനങ്ങൾ എടുത്തിരിക്കുന്ന ഒരു നിലപാടുണ്ട്. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തു പ്രദേശങ്ങൾ കടലിനും കായലിനും ഇടയിൽ ഉള്ള വളരെ നാരോ ആയിട്ടുള്ള ഒരു ലാൻഡ് സ്ട്രിപ്പാണ്. അവിടെനിന്നും വൻതോതിലുള്ള ഖനനം നടത്തുന്നത് ഗുരുതരമായ പ്രശ്നങ്ങൾക്ക് ഇടയാക്കും. അത് കൂട്ടനാടുപോലെയുള്ള മേഖലകളുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുമെന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. പല നിയന്ത്രണങ്ങളും ഉണ്ട്. അതനുസരിച്ചാണ് പോകുന്നതെന്നാണ് പറയുന്നതെങ്കിലും രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, നിയന്ത്രണങ്ങളോടുകൂടി ഖനനം നടത്തിയാൽ ലാഭകരമായ രീതിയിൽ ഖനനം നടത്താൻ കഴിയുമോ? ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞത് 60 ശതമാനമാണ് അവിടത്തെ ധാതുവിന്റെ കണ്ടെന്റ് എന്നാണ്. അതൊരു വസ്തുതയേ അല്ല. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ മേഖലകളിലെ ധാതുവിന്റെ കണ്ടെന്റ് 5 ശതമാനം മുതൽ 10 ശതമാനം വരെയാണ്. അങ്ങനെയുള്ള ഒരു സ്ഥലത്ത് ഈ നിലയിൽ വലിയതോതിൽ ജലം ഉയരുന്നതായിട്ടുള്ള പ്രവർത്തനം നടത്തിയാൽ അത് പ്രായോഗികമല്ല. മറ്റു തലങ്ങളിലേക്കാണ് അത് പോകുന്നത്. സൂചി കയറ്റാനുള്ളിടത്ത് തുമ്പ കടത്തുന്ന അവസ്ഥയിലേക്ക് പോകും. ഇപ്പോൾത്തന്നെ അനവധി ലോഡ് മണ്ണ് കടത്തിക്കൊണ്ടുപോകുമ്പോൾ അൽപ്പം അനുവാദംകൂടി കൊടുത്താലത്തെ സ്ഥിതി എന്തായിരിക്കും? അത് വലിയ പ്രശ്നങ്ങൾക്ക് ഇടയാക്കും. അതുകൊണ്ട് ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ ജനങ്ങളുടെ അഭിപ്രായങ്ങൾ മറികടന്നുകൊണ്ട് ഒരു തീരുമാനം എടുക്കുന്നത് ശരിയല്ല. അതുകൊണ്ട് ഈ പഞ്ചായത്തുപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഖനനവുമായി പോകുന്നത് ജനവികാരത്തിന് എതിരാണ് എന്നുള്ളത് ഞാൻ അറിയിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, കോടിക്കണക്കിന് രൂപയുടെ സമ്പത്ത്, അറേബ്യൻ രാജ്യങ്ങളിലെ എണ്ണ സമ്പത്തിന് തുല്യമായി കേരളത്തെ സഹായിക്കാനുള്ള സമ്പാദ്യമാണ്. അതുകൊണ്ട് ആ സമ്പത്ത്, ഖനനം ഈ രാജ്യത്തിന്റെ സ്വന്തമാക്കി മാറ്റിയേ മതിയാകൂ. ഇത് പൂർണ്ണമായും സ്വകാര്യ മേഖലയിൽ ഖനനം ചെയ്യാനുള്ള അനുവാദം കൊടുക്കാനുള്ള നീക്കം നടക്കുന്നു എന്ന് പറഞ്ഞാൽ അതിനെ അനുകൂലിക്കാൻ നമുക്ക് കഴിയില്ല. കായംകുളം പൊഴിമുതൽ ആറാട്ടുപുഴ വരെയുള്ള 22 കിലോമീറ്റർ സ്ഥലം 8 ബ്ലോക്കുകളായി തിരിച്ച് ഐ.ആർ.ഇ.-ക്കും കെ.എം.എം.എൽ.-നും മാത്രമായി കൊടുത്തതാണ്. ഈ രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് വിപുലീകരണ നടപടികളുമായി മുന്നോട്ടു പോകുകയാണ്. എന്തുകൊണ്ട് ആ നടപടിക്ക് ഊർജ്ജം പകർന്നുകൊടുക്കാൻ നമ്മുടെ ഗവണ്മെന്റിന് കഴിയുന്നില്ല എന്ന അപകടം പെരുതായി കാണാൻ കഴിയില്ല.

അതുകൊണ്ട് ആദ്യം ചെയ്യേണ്ടത് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തമായി മുന്നോട്ടു നയിക്കാനുള്ള നടപടിയുണ്ടാകണം. അതിലൂടെ മാത്രമേ കേരളത്തിന്റെ സമ്പത്തായി അത് മാറുകയുള്ളൂ. അതുപോലെതന്നെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളെ സെൻസിറ്റീവ് ഏരിയ എന്നുള്ള നിലയിൽ ഒരു

വിട്ടുവീഴ്ച അക്കാര്യത്തിൽ ചെയ്തേ പറ്റൂ. തൃക്കുന്നപ്പുഴ പഞ്ചായത്ത് സെൻസിറ്റീവ് ഏരിയ എന്നുള്ള നിലയിലുള്ള പ്രത്യേക കാഴ്ചപ്പാടോടുകൂടി അവിടെ ഖനനം പാടില്ല എന്ന അഭിപ്രായം ഗവൺമെന്റ് സ്വീകരിക്കണം. ഈ സഭയിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി പറഞ്ഞ അഭിപ്രായം റിക്കോർഡിലുണ്ട്. ആ അഭിപ്രായം നടപ്പിലാക്കിയാൽ ഇവിടെ ആർക്കും തർക്കമുണ്ടാകില്ല. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി മന്ത്രിയായിരുന്നപ്പോൾ ഇവിടെ നടപ്പിലാക്കിയ നയം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഏകദേശം ഒരു നൂറ്റാണ്ടായി കരിമണൽ ഖനനം നടക്കുന്ന ഒരു പ്രദേശത്തെ പ്രതിനിധിയാണ് ഞാൻ. അതുകൊണ്ടുതന്നെ പ്രകൃതി അനുഗ്രഹിച്ചുതന്ന ധാതുസമ്പത്ത് ഉപയോഗിക്കണമെന്ന കാര്യത്തിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. ആര്, എന്തിന്, എങ്ങനെ ഉപയോഗിക്കുന്നു എന്നുള്ളതാണ് പ്രസക്തമായ ചോദ്യം. ഇൻഡ്യൻ പ്രസിഡന്റ് .....

Mr. Chairman: Yes, proceed please.

ശ്രീ. ഷിബു ബേബി ജോൺ: അങ്ങ് ഇടപെടണ്ട. കഴിഞ്ഞ വർഷം ഈ സഭയിൽ അടിയന്തിരാവസ്ഥ പിൻവലിച്ചതാണ്. അങ്ങായിട്ട് തിരിച്ചുകൊണ്ടുവരരുത്.

മി. ചെയർമാൻ: സമയം അലോട്ട് ചെയ്തിരിക്കുന്നത് ഇവിടെ പറഞ്ഞതിന് പുറമെയാണ്. അതനുസരിച്ച് ഇവിടെ എല്ലാവരും സമയം പാലിച്ചാണ് പോയത്. അതൊന്ന് കീപ്പ് ചെയ്താൽ മതി.

ശ്രീ. ഷിബു ബേബി ജോൺ: ഇതിനെക്കുറിച്ച് കൂടുതൽ ഇല്ലെങ്കിലും കുറച്ച് കാര്യങ്ങൾ അറിയാവുന്നതുകൊണ്ട് ഒരു മിനിട്ടുകൊണ്ട് പറഞ്ഞുതീർക്കാൻ സാധിക്കില്ല. ഇൻഡ്യൻ പ്രസിഡന്റിന്റെ പുസ്തകത്തിൽ ലോകത്തിലെ 40% ധാതുസമ്പത്തിന്റെ റിസർവ് ഇൻഡ്യയിലാണെന്നും ഇൻഡ്യയുടെ ഭാവി ഇതിനെ ആശ്രയിച്ചിരിക്കുകയാണെന്നും പരാമർശിച്ചിട്ടുണ്ട്. രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെയാണ് നിലവിൽ ഇത് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഇൽമനൈറ്റ്, മോണോസൈറ്റ്, റൂട്ടയിൽ, സിർക്കൺ, സിലിക്കൺ, സിലിക്കേറ്റ് ഇങ്ങനെ പല ഐറ്റമുണ്ടെങ്കിലും ഇന്നും നമ്മൾ ചെയ്യുന്നത് ഇത് വേർതിരിച്ച് കയറ്റി അയയ്ക്കുക എന്നുള്ളതാണ്. അതിന്റെ ഒരു പ്രോഡക്ടായ ഇൽമനേറ്റ് മാത്രമാണ് കെ.എം.എം. എൽ. നാമമാത്രമായി വാല്യൂ അഡീഷൻ ചെയ്യുന്നത്. വാല്യൂ അഡീഷന്റെ ഭാഗത്ത് നമ്മുടെ ലോകത്തിലെ ഷെയർ .75% മാത്രമാണ്. അതുകൊണ്ട്. വാല്യൂ അഡീഷൻ വേണം. അതിൽ യാതൊരു തർക്കവുമില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ വാല്യൂ അഡീഷന് മുന്നോട്ടുവരാത്ത ഒരു സാഹചര്യത്തിലാണ് സ്വകാര്യവൽക്കരണവുമായി പോകുന്നത്. എനിക്ക് അതിൽ വ്യക്തമായി പറയാനുള്ളത്, ഇതിന്റെ പേരിൽ ഇന്ന് നടക്കുന്ന പല സംശയങ്ങളും ഈ വ്യവസായത്തിന് ആരോഗ്യകരമല്ല. കാരണം, ക്യാൻസറിന്റെ കാര്യം പറയുന്നു. ഞാൻ ആ മണ്ണിൽ ജനിച്ചുവീണ വ്യക്തിയാണ്. എന്റെ പിതാവ് 60 വർഷക്കാലം ആ മണ്ണിൽക്കൂടി നടന്നാണ് അവിടുത്തെ തൊഴിലാളികളെ സംഘടിപ്പിച്ചത്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മോണോസൈറ്റിൽ ക്യാൻസർ ഉണ്ടെങ്കിൽ ആ മോണോസൈറ്റ് എത്രയും പെട്ടെന്ന് എടുത്തുമാറ്റണം എന്നുള്ളതാണ് യാഥാർത്ഥ്യം. സത്യാവസ്ഥ അതാണ്. അതുകൊണ്ട് അതിൽനിന്ന് ക്യാൻസർ ഉണ്ടാകുമെന്ന് പറയുന്നത് യാഥാർത്ഥ്യമാണെങ്കിൽ അത് എത്രയും പെട്ടെന്ന് എടുത്തുമാറ്റണം. പിന്നെ പാരിസ്ഥിതിക പ്രശ്നങ്ങൾ പറയുന്നു. തൃക്കുന്നപുഴ, ആറാട്ടുപ്പുഴ പ്രദേശങ്ങളിൽ ജനവികാരം മാനിക്കാതെ ഖനനത്തിന് കൊടുക്കണോ വേണ്ടയോ പൊതുമേഖലയിൽ വേണോ സ്വകാര്യ മേഖലയിൽ വേണോ എന്നതിൽ വ്യക്തമായ ഒരു അഭിപ്രായം എനിക്കുണ്ട്. Mining and Mineral separation പൊതുമേഖലയിൽത്തന്നെ നിലനിർത്തണം. വാല്യൂ അഡീഷൻ ആവശ്യമായി ആര് മുന്നോട്ടു വന്നാലും അവർക്കുള്ള പ്രോത്സാഹനവും ആവശ്യമായ raw-material-ഉം കൊടുക്കാനുള്ള സംവിധാനം ഗവൺമെന്റുണ്ടാക്കണം. വാല്യൂ അഡീഷൻ ആവശ്യമാണ്. പക്ഷേ, പാരിസ്ഥിതിക പ്രശ്നങ്ങൾ പറയുകയുണ്ടായി. ഇന്ന് തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പ്രദേശങ്ങളെ സംബന്ധിച്ച് കുറേ യാഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ലാത്ത കുറേപ്പേർ ഇറങ്ങിയിട്ടുണ്ട്. ഇതുമായിട്ട് അവർ നാളെ ചവറയിൽ വരും. അവിടെയും നിർത്താൻ പറയും. 100 വർഷക്കാലമായി പ്രവർത്തിക്കുന്ന വ്യവസായം ഇല്ലാതെപോകും. അതുകൊണ്ട് ഈ കാര്യത്തിൽ സ്വകാര്യ സംരംഭം ആവശ്യമുള്ളത് വാല്യൂ അഡീഷനിലേക്കാണ്. ഇൻഡ്യൻ പ്രസിഡന്റ് കാംക്ഷിച്ചതു പോലെ, ആഗ്രഹിച്ചതുപോലെ ഒരു വാല്യൂ അഡീഷൻ ഇന്നത്തെ .75% ലോക മാർക്കറ്റിൽ ഷെയർ ഉണ്ടെങ്കിൽ അത് വർദ്ധിപ്പിച്ച്, അതിനുള്ള വ്യവസായം അല്ലെങ്കിൽ സ്പെയ്സ് ക്രാഫ്റ്റ് അടക്കം എയ്റോ സ്പെയ്സ് അടക്കം അല്ലെങ്കിൽ ഡെന്റൽ എക്വിപ്മെന്റ്സ് അടക്കം ടാങ്ക് അടക്കം; സുഖോവി ടാങ്കുകൾ ഇൻഡ്യയിൽ നിർമ്മിക്കുന്നു. നമ്മുടെ raw-material ഇൽമനൈറ്റ് അവിടെപ്പോയി അവിടെ നിന്ന് ടൈറ്റാനിയം മെറ്റലായി റഷ്യക്കാർ ഇങ്ങോട്ട് തരുന്നു, നമ്മൾ ഇവിടെ നിർമ്മിക്കുന്നു. ഇതാണ് യാഥാർത്ഥ്യം. ആ നിലയിലേക്ക് വാല്യൂ അഡീഷൻ കൊണ്ടുവരാൻ പൊതുമേഖലയിൽ തന്നെ സാധിക്കണം. അത് സാധിച്ചില്ലെങ്കിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കണം. പക്ഷേ Mining and Mineral separation അതിനൊരു സോഷ്യൽ ഒബ്ജക്റ്റുണ്ട്. അത് ചെയ്യണമെന്ന് പറയാൻ കാരണം, തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരുദ്ധാരണം എന്നുള്ള നിലയിൽ സോഷ്യൽ കമ്മിറ്റ്മെന്റ് വേണം. അതുകൊണ്ടാണ് ഞാൻ പറയുന്നത് അത് പൊതുമേഖലയിൽ നിലനിർത്തണം. എന്നാൽ എല്ലാ അർത്ഥത്തിലും വാല്യൂ അഡീഷൻ ആവശ്യമായിവരുന്ന സംരംഭങ്ങളെ പൂർണ്ണ അർത്ഥത്തിൽ പ്രോത്സാഹിപ്പിക്കണം, ഈ വ്യവസായം മുന്നോട്ടുകൊണ്ടുപോകണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

പ്രൊഫ. കെ. വി. തോമസ്: സർ, വളരെ സെൻസിറ്റീവായ ഒരു ഇഷ്യൂ ആണ്. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയും തൃക്കുന്നപ്പുഴയും കേന്ദ്രീകരിച്ചുകൊണ്ടുള്ള കരിമണൽ ഖനനം. എല്ലാ സെൻസിറ്റീവ് ഇഷ്യൂസും അവധാനതയോടുകൂടി നാം കൈകാര്യം ചെയ്തില്ലെങ്കിൽ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. ഞാൻ

ശ്രീ. വക്കം പുരുഷോത്തമൻ, ശ്രീ. മാണി, ശ്രീ. കുഞ്ഞാലിക്കുട്ടി, ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നിവർക്കൊപ്പം ജപ്പാനിൽ പോവുകയുണ്ടായി. അന്ന് ജപ്പാനിലേയും കൊറിയയിലേയും മാനിലയിലേയും റിസോർട്ടുകൾ കണ്ടപ്പോൾ ഞങ്ങൾക്ക് ദുഃഖം തോന്നി. അതിനെ വെല്ലുന്ന റിസോർട്ടാണ് പാതിരാമണലിൽ ജപ്പാന്റെ സഹായത്തോടുകൂടി രൂപകൽപ്പന ചെയ്തത്. ഇൻഡ്യൻ പ്രസിഡന്റ് തറക്കല്ലിട്ട റിസോർട്ടാണ്. അന്നുണ്ടായ തർക്കംമൂലം നമുക്ക് അതിലൊന്നും തൊടാൻ കഴിഞ്ഞില്ല. അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ ഗുണകരമായ സമീപനമാണ് ആ പ്രോജക്ടിൽ എടുത്തത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ പ്രോജക്ട് നഷ്ടപ്പെട്ടു. ഇന്ന് പാതിരാമണലിന്റെ സ്ഥിതിയെന്താണെന്ന് ആലപ്പുഴയിൽനിന്ന് വന്നിട്ടുള്ള ജനപ്രതിനിധികൾക്ക് അറിയാം. കള്ളവാറ്റും ചാരായവാറ്റും മണൽ കൊണ്ടുപോകലുമാണ് അവിടെ നടക്കുന്നത്. ഈ ഇഷ്യൂ കൈകാര്യം ചെയ്യുമ്പോൾ പലവിധത്തിൽ ഇതുമായി ബന്ധപ്പെടാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഒന്ന്, മൽസ്യത്തൊഴിലാളി കുടുംബത്തിൽ ജനിച്ച ഒരാളാണ് ഞാൻ. തേവര കോളേജിലെ കെമിസ്ട്രി പ്രൊഫസർ എന്ന നിലയിൽ rare earth specialise ചെയ്ത് പഠിച്ച ആളാണ് ഞാൻ. മാത്രമല്ല, ഇതിന്റെ ഫയൽ ഫിഷറീസ് വകുപ്പുമന്ത്രി എന്ന നിലയിൽ എനിക്ക് ശ്രീ. കുഞ്ഞാലിക്കുട്ടി തന്നതാണ്. അന്ന് വ്യക്തമായി ആ ഫയലിൽ ഞാൻ എഴുതിയിട്ടുണ്ട്. ഈ ഖനനം നടക്കുന്ന മേഖലയിലെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള ജനവിഭാഗങ്ങളുടെ അംഗീകാരം നേടിക്കൊണ്ടുവേണം മുന്നോട്ട് പോകാൻ. അവരുടെ അനുവാദം ഈ പ്രോജക്ടിലുണ്ടാകണം. മാത്രമല്ല, മൽസ്യത്തൊഴിലാളി മേഖലയിൽ ഏത് പ്രോജക്ട് വന്നാലും അവരുടെ അനുവാദവും അംഗീകാരവും വാങ്ങിയേ നമുക്ക് മുന്നോട്ടു പോകാൻ കഴിയൂ. എന്നാൽ ഈ പ്രോജക്ടിന്റെ കാര്യത്തിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയും, വ്യവസായ വകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടിയും ഇപ്പോൾ ശ്രീ. ഇബ്രാഹിംകുഞ്ഞും ഒരു സന്ദർഭത്തിലും എടുത്തുചാടിയിട്ടില്ല എന്ന് ഹയലുകൾ നോക്കിയാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കേന്ദ്രഗവൺമെന്റ് ദേശീയനയം 6-10-1998-ൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആ നയത്തിൽ പറഞ്ഞിട്ടുള്ളത് ധാതുമണൽ ഖനനം പ്രൈവറ്റ് മേഖലയിലും പൊതുമേഖലയിലും സംയുക്തമേഖലയിലുമാകാം. സെപ്പറേഷനാകാം. വാല്യൂ അഡീഷൻ ആകണമെന്ന് നിർബന്ധം പിടിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിനു പുറത്തുള്ള പല സംസ്ഥാനങ്ങളിലും പ്രൈവറ്റ് സംരംഭകർ ഇന്ന് സെപ്പറേഷൻ നടത്തുന്നുണ്ട്. പക്ഷേ, ശ്രീ. ആന്റണിയുടെ ഗവൺമെന്റും ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റും എടുത്ത തീരുമാനം പ്രൈവറ്റ് മേഖലയിൽ കൊടുക്കില്ല എന്നുതന്നെയാണ്. അതാണ് സംയുക്ത സംരംഭം കടന്നുവന്നത്. ആ സംയുക്ത സംരംഭമാണ് കെ. ആർ. ഇ. എൽ. ഇത് നമ്മൾ ഇന്ന് അഭിമാനിക്കുന്ന കൊച്ചി അന്തർദ്ദേശീയ വിമാനത്താവളത്തിന്റെ അതേ സ്ട്രക്ചറാണ്. അവിടെ ഗവൺമെന്റിന് 26%, ബാക്കിയുള്ളത് എൻ. ആർ. ഐ. ഉൾപ്പെടെയുള്ള സുഹൃത്തുക്കൾക്ക്. അതേ സംവിധാനമാണ് ഇവിടെ കെ.ആർ.ഇ.എൽ.-ൽ ഉള്ളത്. 26% ഗവൺമെന്റിന്, 26% ഐ. ആർ. ഇ.- ക്ക്, 13% ഐ. ഡി. ബി. ഐ.- ക്ക്, 45% മാത്രമാണ് പ്രൈവറ്റായി കടന്നുവന്നിരിക്കുന്നത്. സി. ആർ. ഇ. എം. എൽ.- നെക്കുറിച്ച് പറയുമ്പോൾ പലർക്കും ഭയപ്പാടാണ്. എനിക്കൊരു ഭയപ്പാടുമില്ല. ഞാൻ എറണാകുളത്തെ ഇൻഡസ്ട്രിയൽ ബിൽറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുവരുന്ന ആളാണ്. സി. ആർ. ഇ. എം. എൽ.-ലെ എല്ലാ തൊഴിലാളി യൂണിയനുകളും സംയുക്തമായി ഖനനത്തിന് പിൻതുണ നൽകിയിട്ടുണ്ട്. അവർ ഒപ്പിട്ട് മൊമ്മോറാണ്ടം നൽകിയിട്ടുണ്ട്. ആരൊക്കെയാണ് ഒപ്പിട്ടിരിക്കുന്നത്? സി. ഐ. ടി. യു.-വിന്റെ നേതാവ് ഗോപിനാഥൻ, പി. രാജു, എക്സ് എം. എൽ. എ., എ. ഐ. ടി. യു. സി., ബി. എം. എസ്. പത്മനാഭൻ, ഐ. എൻ. ടി. യു. സി., ഹസ്സൻ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കുകയാണ്. കാരണം, ആയിരം കുടുംബങ്ങൾ ഈ സി. ആർ. ഇ. എം. എൽ.-മായി ബന്ധപ്പെട്ട് നിൽക്കുന്നു. ഇവിടെ സംയുക്ത സംരംഭത്തിനാണ് ഏൽപ്പിച്ചിട്ടുള്ളത്. അവിടെത്തന്നെ സെപ്പറേഷൻ അല്ല. ഇങ്ങനെ ഖനനം ചെയ്ത് കിട്ടുന്ന മിനറൽസ് അത് വാല്യൂ ആഡഡ് പ്രോഡക്ടാക്കാൻതന്നെയാണ് തീരുമാനം എടുത്തിട്ടുള്ളത്. അപ്പോൾ ചോദിക്കാം എന്തുകൊണ്ട് ഇത് പൂർണ്ണമായി പബ്ലിക് സെക്ടറിൽ നടത്തിക്കൂടാ എന്ന്. പബ്ലിക് സെക്ടറിൽ നടത്തുന്നതിന് വിരോധമൊന്നുമില്ല. പക്ഷേ, നമ്മുടെ രണ്ട് പബ്ലിക് സെക്ടറുകൾ കെ. എം. എം. എൽ.- ഉം ടി. ടി. പി.-യും; ഇവിടെ പറഞ്ഞല്ലോ, 50,000 കോടി രൂപയുടെ ഡെപ്പോസിറ്റ് ഉണ്ട്. 5 ലക്ഷം കോടി രൂപ യുടെ വാല്യൂ ആഡഡ് ആദായം ഇതിൽനിന്നും ഉണ്ടാക്കാൻ കഴിയും. കെ. എം. എം. എൽ.-നും ടി. ടി. പി.-ക്കുംകൂടി ഇന്നു നിലവിലുള്ള സംവിധാനം വച്ചുപോലും ഇതിന്റെ ചെറിയ ഒരു ശതമാനത്തിൽ എത്താൻ കഴിയുകയില്ല. അതുകൊണ്ടാണ് ഇത്രയും ബൃഹത്തായ ഒരു സംയുക്ത സംരംഭത്തിലേക്ക് നമ്മൾ കടക്കുന്നത്. ഇതിനെക്കുറിച്ചുള്ള പഠനത്തിന് എടുത്തുചാടിയിട്ടില്ല. ഇതിനെക്കുറിച്ച് മൂന്ന് പഠനങ്ങൾ നടത്തി. ഒന്ന് ഡോ. ത്രിവിക്രമൻ (Professor and Head of Department of Geology, Thiruvananthapuram) കമ്മിറ്റി, അതുപോലെ ശ്രീ. ടി. എം. മഹാദേവൻ കമ്മിറ്റി, ഏറ്റവും അവസാനമായി ജസ്റ്റീസ് ജോൺ മത്തായി. ഇതുകൊണ്ടു മാത്രം തീരുന്നില്ലല്ലോ? എത്രയോ കടമ്പകൾ നമുക്ക് കടന്നുപോകണം. ചെറിയ പാളിച്ചകൾ പറ്റിയിട്ടുള്ളത് എവിടെയാണ്? ഇപ്പോഴും നാം ഖനനം, ഖനനം എന്നു പറയുന്നത് കുഴിച്ചെടുക്കൽ മാത്രമല്ല മൈനിംഗ് എന്നു പറയുന്നത്. അടിഞ്ഞു കൂടുന്നത് വടിച്ചെടുക്കൽകൂടിയാണ് എന്ന് നമുക്കറിയാം. ഈ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ മേഖലകൾ സെൻസിറ്റീവാണ്. കടലും കായലും തമ്മിൽ വ്യത്യാസം വളരെ ചെറുതാണ്. അവിടെ ആ പ്രദേശത്തെ മൽസ്യത്തൊഴിലാളികളുടെ പരി പൂർണ്ണമനസ്സോടുകൂടി, സമ്മതമുണ്ടെങ്കിൽ സെൻസിറ്റീവ് ഏരിയയൊക്കെ മാറ്റിനിറു ത്തിക്കൊണ്ട് ശാസ്ത്രീയമായ ഖനനത്തിന് നമുക്ക് എന്തുകൊണ്ട് പോയിക്കൂടാ, ഇവിടെ ഈ ചർച്ച വച്ചത് നന്നായി എന്നാണ് എനിക്ക് പറയുവാനുള്ളത്. കാരണം, സാധാരണ ഒരു തെരഞ്ഞെടുപ്പ് 2006-ൽ വരുന്ന സാഹചര്യത്തിൽ, ഭരിക്കുന്ന ഒരു ഗവൺമെന്റ് ഇത്തരം ഒരു ചർച്ചയ്ക്ക് തയ്യാറാകില്ല. എന്നാൽ ഈ ഗവൺമെന്റ് പ്രായോഗികമായ നിലപാട് ഒരു തുറന്ന മനസ്സോടുകൂടി എടുത്തത് കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്താണ് കരിമണൽ എന്നതുകൊണ്ടാണ്. 50,000 കോടി രൂപയുടെ സമ്പത്ത് 5 ലക്ഷം കോടി രൂപയുടെ വരുമാനം നമുക്ക് ഉണ്ടാക്കാൻ കഴിയുന്നതാണ്. ഹൗസിൽ ഇന്നലെയും ഇതേക്കുറിച്ച് ചർച്ച നടന്നല്ലോ. നമ്മുടെ ദരിദ്രരായ കുട്ടികളെ പഠിപ്പിക്കണം. നമ്മുടെ ആശുപത്രികൾ നന്നാക്കണം. ഇപ്പോൾത്തന്നെ സി. എ. ജി. റിപ്പോർട്ട് വന്നു. സാമ്പത്തികമായി വളരെ പ്രശ്നങ്ങളിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

കടന്നുപോകുന്നു. ഇതിനൊക്കെ പരിഹാരം കണ്ടെത്തണമെങ്കിൽ നമ്മുടെ കരിമണൽ ഉൾപ്പെടെയുള്ള ഇത്രയും അമൂല്യസമ്പത്ത് ശാസ്ത്രീയമായി ഉപയോഗിക്കേണ്ടേ? ഞാൻ ആരെയും കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇതിനകത്ത് ഞാൻ രാഷ്ട്രീയം കാണുന്നില്ല. പക്ഷേ, പല സുഹൃത്തുക്കളും, ശ്രീ. പിണറായി വിജയൻ ഉൾപ്പെടെയുള്ള സുഹൃത്തുക്കൾ വളരെ ആലോചിച്ച് ഇക്കാര്യത്തിൽ സമീപനം എടുത്തിട്ടുണ്ടെന്നാണ് അടുത്ത കാലത്തെ അവരുടെ പ്രസ്താവനകൾ തെളിയിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ ഖനനത്തെക്കുറിച്ച് നമുക്ക് ഒരു തുറന്ന മനസ്സോടെ ചർച്ച ചെയ്യണം. നമ്മൾ നെഗറ്റീവ് പോയിന്റിലല്ല. ഞാൻ തറപ്പിച്ചു പറയുന്നു, മൽസ്യത്തൊഴിലാളികളുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട്, ആ പ്രദേശത്തുള്ളവരുടെ എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുവേണം ഈ പ്രോജക്ടുമായി ന്മുക്ക് മുന്നോട്ടുപോകാൻ. അതുകൊണ്ട് നമ്മൾ തുറന്ന മനസ്സോടുകൂടി ഈ പ്രശ്നങ്ങൾ കാണണം. ഇവിടെ സുനാമിയെക്കുറിച്ച് എന്റെ സുഹൃത്ത് ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞു. അദ്ദേഹവുമായി ഒരു വാഗ്വാദത്തിന് ഇല്ല. അങ്ങ് സുനാമിയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള എല്ലാ അന്വേഷണ റിപ്പോർട്ടുകളും വായിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. സാധാരണ നമ്മുടെ പത്രങ്ങളിൽ വരുന്ന റിപ്പോർട്ടല്ല. ആധികാരികമായി എങ്ങനെ സുനാമി വന്നു, ആ സുനാമി എങ്ങനെ നമ്മുടെ തീരപ്രദേശങ്ങളിലേക്ക് വന്നു എന്നുള്ളതിന് ശാസ്ത്രീയമായിട്ടുള്ള റിപ്പോർട്ടുകൾ. ഹൃദയത്തിന് അസുഖം വന്നാൽ ചികിൽസിക്കേണ്ടത് ഒരു ഹാർട്ട് സ്പെഷ്യലിസ്റ്റാണ്. ആധികാരികമായി സുനാമിയെക്കുറിച്ച് ലേഖനങ്ങൾ വന്നിട്ടുണ്ട്. അത് പരിശോധിച്ചാൽ എനിക്ക് ശ്രീ. കെ. പി. രാജേന്ദ്രനോട് പറയാൻ കഴിയും. അങ്ങയുടെ ആർഗ്യുമെന്റിന് ശാസ്ത്രീയമായി യാതൊരു ബേസുമില്ല. അതുപോലെതന്നെ ഇപ്പോൾ അവിടെ റേഡിയേഷനെക്കുറിച്ച് പറഞ്ഞു. അടിഞ്ഞുകൂടുന്ന കരിമണലിനെക്കുറിച്ച് പറഞ്ഞു. ഈ വിഷയത്തിൽ പഠിച്ച ഒരാൾ എന്നുള്ള നിലയിൽ പറയാൻ കഴിയും, ഒരു സീസണിൽ അടിഞ്ഞുവരുന്ന കരിമണൽ എടുത്തില്ലെങ്കിൽ അടുത്ത സീസണിൽ ഒഴുകിപ്പോകും. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രായോഗികമായ സമീപനം എടുക്കണം. പക്ഷേ, ഈ ഇഷ്യൂ നമ്മൾ സെൻസിറ്റീവാക്കി; പല കാരണങ്ങളുണ്ട്. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. പക്ഷേ, ഇത്രയും നമ്മുടെ സംസ്ഥാനത്തിന് സാമ്പത്തികമായി നേട്ടമുണ്ടാക്കുന്ന ഒരു മേഖലയെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നമ്മൾ ഗൗരവമായി എല്ലാവരുംകൂടി ആലോചിക്കണം. കേരളത്തിൽ നമ്മൾ അപ്പുറത്തും ഇപ്പുറത്തും മാറിമാറി ഇരിക്കുന്നവരാണല്ലോ. ഈ കൊച്ചു കേരളത്തെ നമുക്ക് മുന്നോട്ടുകൊണ്ടുപോകേണ്ടേ സർ, ഗൾഫിൽ ഞാൻ ഓർക്കുന്നുണ്ട് അവിടെ എണ്ണഖനനത്തിനുവേണ്ടി പല കൊച്ചു കൊച്ചു രാജ്യങ്ങളും ഇറങ്ങിയപ്പോൾ അവിടെ ഒരു രാജ്യം ഇറങ്ങിയില്ല. അവസാനം അതിന്റെ ദുഖം അവർ അനുഭവിക്കേണ്ടിവന്നു. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് ധാരാളം സമ്പത്തുണ്ട്. കാർഷിക മേഖലയിൽ സമ്പത്തുണ്ട്. കരിമണൽ എന്നു പറയുന്നത് നമ്മുടെ ഏറ്റവും വലിയ സമ്പത്താണ്. അത് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം, പ്രധാനമായും ഈ രണ്ട് പഞ്ചായത്തുകളിലെയും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും മനസ്സ് മനസ്സിലാക്കാൻ കഴിയണം; മൽസ്യത്തൊഴിലാളികളുടെ മനസ്സ് മനസ്സിലാക്കാൻ കഴിയണം. ആരുടെയെങ്കിലും എതിർപ്പോടുകൂടി നമുക്ക് ഒരു പ്രോജക്ട് നടപ്പിലാക്കാൻ കഴിയില്ല. അത് ആര് ഭരിച്ചാലും നടപ്പിലാക്കാൻ ബുദ്ധിമുട്ടാണ്. പക്ഷേ, നമുക്ക് അവരുടെ അംഗീകാരത്തോടുകൂടി അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി, അവരുടെ അനുവാദം വാങ്ങിച്ചുകൊണ്ടുവേണം മുന്നോട്ടുപോകാൻ. ഈ പ്രോജക്ട് വരുമ്പോൾ മൽസ്യത്തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ടുള്ള ഒരാൾ എന്നുള്ള നിലയിൽ ആ പ്രോജക്ടിൽ കിട്ടുന്ന ലാഭം ആ പ്രദേശത്തെ പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ജീവിതത്തിനു മാറ്റം വരുത്തുന്നതിനുവേണ്ടി ഉപയോഗിക്കാൻ കഴിയണം. അവിടെ ഫാക്ടറികൾ തുടങ്ങുമ്പോൾ ഈ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ കഴിയണം. ലാഭത്തിന്റെ ഒരു വിഹിതം അവരുടെ ജീവിതം മെച്ചപ്പെടുത്താൻ ഉപയോഗിക്കണം. അവരുടെ ഇന്നത്തെ സ്ഥിതി എന്താണ്? കക്കൂസുകൾപോലും ഇല്ല. ജീവിതത്തിൽ ഇതുപോലെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരുവിഭാഗം കേരളത്തിൽ വേറെയില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു സ്വത്ത് നമ്മൾ ശാസ്ത്രീയമായി ഉപയോഗിച്ച് നമ്മുടെ കേരളത്തിന്റെ പൊതുസമ്പത്ത് എങ്ങനെ വളർത്തിയെടുക്കാൻ കഴിയുമെന്ന് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ഇതേക്കുറിച്ച് ഒരുപാട് സംശയങ്ങൾ നമ്മുടെ പത്രമാധ്യമങ്ങളിൽ വന്നിട്ടുണ്ട്. തീരപ്രദേശത്തെ മൽസ്യബന്ധനത്തിനുവേണ്ടി വള്ളങ്ങൾ ഇറക്കാനും കയറ്റാനും ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സൗകര്യങ്ങൾ നഷ്ടപ്പെടും. ആ പ്രദേശവുമായി ബന്ധപ്പെട്ട സുഹൃത്തുക്കൾ അത് കണ്ണു തുറന്ന് നോക്കണം. അത് നഷ്ടപ്പെടുമോ? മൽസ്യബന്ധനാനുബന്ധ പ്രവർത്തനങ്ങളായ ഒരുക്കങ്ങൾക്കും വള്ളങ്ങളുടെ അറ്റകുറ്റപ്പണികൾക്കും മറ്റ് ഉപകരണങ്ങൾ തീരദേശത്ത് സൂക്ഷിക്കാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടും, ഇത് ശരിയാണോ? പ്രാദേശിക വാസികളുടെ സാമ്പത്തിക സാമൂഹിക ക്ഷേമങ്ങളുടെ നട്ടെല്ലായ മൽസ്യസമ്പത്തിന്റെ ആവാസവ്യവസ്ഥയെ കരിമണൽ ഖനനം എങ്ങനെ ബാധിക്കും? ഇങ്ങനെ ഒരുപാട് ചോദ്യങ്ങൾ വന്നിട്ടുണ്ട്. ഇതെല്ലാം പരിശോധിക്കണം. ഇതിന്റെ ശാസ്ത്രീയപഠനം നടത്തണം. ഇപ്പോൾ ഇവിടെ മൂന്ന് പഠനങ്ങൾ നടന്നു. ശ്രീ. ഷിബു ബേബി ജോൺ പറഞ്ഞതുപോലെ കഴിഞ്ഞ 10 വർഷമായി കേരളത്തിൽ ഖനനം നടക്കുന്നുണ്ട്. അതുമായി ഒരുപാട് പഠനങ്ങൾ നടത്തിയിട്ടുണ്ട്.

ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്ന് പഠനങ്ങൾ കഴിഞ്ഞു. ആ പഠനങ്ങൾ പോരാ എന്ന് നമുക്ക് തോന്നുന്നുണ്ടെങ്കിൽ ഇനിയും മുകളിലേക്ക് പോകണം. ഇപ്പോൾ അനുവാദം കൊടുത്താൽത്തന്നെ എത്രയോ കടമ്പകൾ കടന്നു പോകണം. അതുകൊണ്ട് നമ്മുടെ ഈ ഇഷ്യൂ സമഗ്രവീക്ഷണത്തിന്റെ അടിത്തറയായി കാണേണ്ടതാണ്. ഇത് നമുക്ക് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. അങ്ങനെ ഉപയോഗിക്കണമെങ്കിൽ രാഷ്ട്രീയമായി സങ്കുചിതമായ മനഃസ്ഥിതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും നമുക്ക് പുറത്തു ചാടാൻ കഴിയണം. തെരഞ്ഞെടുപ്പിൽ അധികാരത്തിൽ കടന്നുവരിക എന്നത് എല്ലാവരുടെയും താൽപ്പര്യമാണ്. അതിന് അതീതമായി ജനക്ഷേമത്തിനുവേണ്ടി ചില തീരുമാനങ്ങൾ എടുക്കേണ്ടതായിട്ടുണ്ട്. അത്തരം തീരുമാനങ്ങളെടുത്താൽ മാത്രമേ ഒരു രാജ്യത്തെ നമുക്ക് മുന്നോട്ടു നയിക്കാൻ കഴിയൂ. പാതിരാമണലിനെപ്പറ്റി ഒരു ഇഷ്യൂ മാത്രമാണ് ഞാൻ പറഞ്ഞത്. ഇതുപോലെ ഒരുപാട് ഇഷ്യൂസിലാണ് കേരളം നിൽക്കുന്നത്. ഐ. ടി.യിൽ ഇൻഡ്യയിൽ ആദ്യമായി കെൽട്രോൺ സ്ഥാപിച്ചത് കേരളമാണ്. നമുക്ക് അവിടെയൊക്കെ പ്രശ്നങ്ങളുണ്ടായി. കാർഷികമേഖലയിൽ നമുക്ക് പ്രശ്നങ്ങളില്ലേ? അതുകൊണ്ട് തുടങ്ങുന്ന സന്ദർഭത്തിൽ അൽപ്പം ബുദ്ധിമുട്ട് വരും. ജനങ്ങൾക്കും ഈ സംസ്ഥാനത്തിനും ഗുണകരമാണെന്ന് ബോദ്ധ്യമുണ്ടെങ്കിൽ ഈ പ്രോജക്ടിനെപ്പറ്റി എല്ലാവരുംകൂടി പഠിച്ച് മുന്നോട്ടു കൊണ്ടുപോകണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു തുറന്ന മനസ്സാണുള്ളത്. അതുകൊണ്ടാണല്ലോ കൊച്ചിൻ എയർപോർട്ടിന്റെ മാതൃകയിൽ ഒരു ജോയിന്റ് സെക്ടർ വന്നത്. അതിന്റെ പാർട്ട്ണർ സി. ആർ. ഇ. എം. എൽ.-ആണ്. എല്ലാ ട്രേഡ് യൂണിയനുകൾക്കും acceptable ആയ ഒരു സ്ഥാപനം. അതുകൊണ്ടാണ് ശ്രീ. രാജു എബ്രഹാമിനെ പോലെയുള്ളവർ ഒപ്പിട്ട് വന്നത്. മാത്രമല്ല, അവിടെ വാല്യൂ ആഡഡ് പ്രോഡക്ടാണ്. ഇരുപതിനായിരം ഡോളറാണ് ഒരു കിലോഗ്രാം റെയർ എർത്ത്, അതായത് സിന്തറ്റിക് റെയർ എർത്സിൽനിന്ന് നമുക്ക് കിട്ടുന്നത്. സ്വർണ്ണത്തെക്കാൾ വിലയുള്ള ഈ റെയർ എർത്സ് നഷ്ടപ്പെടാതെ നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി.....

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട തോമസ് മാഷ് ഇതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചു. മൽസ്യത്തൊഴിലാളികൾക്കടക്കം വലിയ ആശങ്ക നിലനിൽക്കുകയാണ്. ഇതിന്റെ പ്രധാന കാരണം എഴുപത് വർഷത്തിലേറെയായി നിലനിൽക്കുന്ന ഈ മേഖലയിൽ ഇന്നും നമുക്ക് ഒരു മൈനിംഗ് പോളിസി ഇല്ല എന്നുള്ളതാണ്. സ്ഥലമെടുപ്പിനായാലും പുനരധിവാസത്തിനായാലും മൈനിംഗ് പോളിസി ഇല്ല. ഇന്ന് കെ. എം. എം. എൽ.-ന്റെ സ്ഥലമെടുപ്പ് നടക്കുന്നിടത്ത് ഏകദേശം നാനൂറ് പേരെ അറസ്റ്റ് ചെയ്തു. അവർ പോലീസ് സ്റ്റേഷനിലാണ്. കഴിഞ്ഞ നിയമസഭയിൽത്തന്നെ ഈ മൈനിംഗ് പോളിസിയെപ്പറ്റി പറഞ്ഞതാണ്. സ്വകാര്യമേഖലയാണോ പൊതുമേഖലയാണോ ആരായാലും മൈനിംഗിലേക്ക് വരുമ്പോൾ അവർ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് എന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

പ്രൊഫ. കെ. വി. തോമസ്: ഞാൻ നൂറു ശതമാനവും യോജിക്കുകയാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങളിൽ എല്ലാവരുംകൂടി ആലോചിച്ച് പോളിസി ഉണ്ടാക്കണം. അത് പറയാൻ കാരണം, റെയർ എർത്തിന്റെ വില നമ്മുടെയൊക്കെ പ്രതീക്ഷകൾക്ക് അതീതമാണ്. റെയർ എർത്ത് എന്നു പറയുന്നത് ഇന്ന് ശാസ്ത്രലോകത്ത് വളരെയധികം പ്രധാനപ്പെട്ട റൂട്ടെൽ എർത്ത് ആണ്. അതുകൊണ്ട് ഇത് നമ്മുടെ സംസ്ഥാനത്തിന് ഗുണകരമായ രീതിയിൽ ഉപയോഗപ്പെടുത്തണം. അതേസമയം ഞാൻ അടിവരയിട്ടു പറയുന്നത് മൽസ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ഈ പ്രദേശത്തെ തൊഴിലാളികളുടെ പരിപൂർണ്ണമായ അംഗീകാരം വാങ്ങേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇവിടെ ഉയർന്നുവന്ന ചർച്ച ഭരണകക്ഷിയിലെ കക്ഷികളിൽനിന്നുതന്നെ വ്യത്യസ്തങ്ങളായ സ്വരങ്ങൾ കേട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ചാണ്. ഈ പറയുന്ന ആറാട്ടുപുഴ, തൃക്കുന്നപ്പുഴ മേഖലകളിൽ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഒരു പ്രക്ഷോഭസമിതി ഉണ്ട്. ആ പ്രക്ഷോഭസമിതിയിൽ കേരളത്തിലെ ക്യാബിനറ്റിൽ അംഗമായിരിക്കുന്ന ഒരു മന്ത്രി, ആലപ്പുഴയിലെ കോൺഗ്രസ്സിന്റെ എം.പി. ആയിരുന്ന, ഇന്ന് കോൺഗ്രസ്സിന്റെ കെ.പി.സി.സി. എക്സിക്യൂട്ടീവിൽ അംഗമായിട്ടുള്ള ഒരു ആൾ ഉൾപ്പെടെ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും പ്രാമുഖ്യമുള്ള അവിടെ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളും അംഗങ്ങളായിട്ടുള്ള പ്രക്ഷോഭസമിതിയാണ് പ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. എനിക്ക് ആമുഖമായി ഒരു കാര്യം പറയാനുള്ളത്, ദൈവം തന്നതാണ്, വരദാനമാണ് എന്നൊക്കെ ഇവിടെ ഈ സമ്പത്തിനെക്കുറിച്ച് പറയുമ്പോൾ പ്രകൃതിസമ്പത്ത് ചൂഷണം ചെയ്യാതെ മാനവരാശിക്ക് മുന്നോട്ടുപോകാൻ കഴിയില്ല, അതും ഒരു വികസിത രാജ്യത്തിൽ. പക്ഷേ, ഒരു വികസിത സമൂഹം ഈ പ്രകൃതിസമ്പത്ത് ചൂഷണം ചെയ്യുമ്പോൾ നമ്മുടെ മുമ്പിൽ ഉണ്ടാകേണ്ട ആദ്യ ചോദ്യമെന്താണ്? മാനവരാശിയുടെ ചരിത്രത്തിൽ ഒരു പുരുഷായുസ്സ് എന്നു പറയുന്നത് വളരെ ചുരുങ്ങിയ കാലഘട്ടമാണ്. എനിക്കുശേഷം ഒരു തലമുറ ഉണ്ടാകുമെന്നും ആ തലമുറയ്ക്ക് ജീവിക്കാൻ വേണ്ടി ഈ ഭൂമുഖം ഉണ്ടാകണമെന്നും എന്റെ അച്ഛൻ എന്നെ ഏൽപ്പിച്ചിട്ടു പോയ പ്രകൃതി സമ്പത്തുകൾ ഈ പരിസ്ഥിതി ഒരു കരിക്കട്ടയാവാതെ എന്റെ മകനും കൂടി കൈകാര്യം ചെയ്യത്തക്കവിധത്തിൽ നിലനിർത്തി ഇതിനെ ചൂഷണം ചെയ്യണമെന്ന ഒരു ബോധം ഒരു വികസിത സമൂഹത്തിന് പ്രാഥമികമായി ഉണ്ടാവണം. അവിടെ നിന്നുകൊണ്ടുവേണം പ്രകൃതി സമ്പത്തുകളെ ചൂഷണം ചെയ്യുന്നതിനെക്കുറിച്ച് നാം പരിശോധിക്കേണ്ടത്. അങ്ങനെ പരിശോധിക്കുമ്പോൾ ഈ പ്രദേശത്തുള്ള സമ്പത്തിന്റെ അഥവാ ധാതുക്കളുടെ ആകെ തുക പറയാൻ ശ്രമിച്ച എന്റെ സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത്, അവിടെ താമസിക്കുന്ന കുറെ മനുഷ്യാത്മാക്കളുണ്ട്. അവരുടെ ആവാസവ്യവസ്ഥയും ആ പ്രദേശത്തെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും ശാസ്ത്രീയമായി പഠനവിധേയമാക്കുകയാണ് ഒരു ജനാധിപത്യ ഭരണസംവിധാനം ആദ്യം ചെയ്യേണ്ടത്. അപ്പോൾ ഒരുപക്ഷേ എന്നോട് ചോദിക്കും മൂന്ന് പഠനങ്ങൾ നടന്നില്ലേ എന്ന്. അതാണ് നേരത്തെ സൂചിപ്പിച്ച, സുഹൃത്തുക്കൾക്ക് ഉൾപ്പെടെ എന്തുകൊണ്ട് ആ പഠനം തൃപ്തികരമായില്ല എന്ന ഒരു ചോദ്യം എന്റെ മുമ്പിൽ ഉയർന്നുനിൽക്കുന്നത്. ആ ചോദ്യത്തിന് ഞാൻ ഒറ്റവാക്കിൽ മറുപടി പറയാം. ശ്രീ. കെ. എൻ. എ. ഖാദർ വായിച്ചത് റിപ്പോർട്ടിന്റെ പേജ് നമ്പർ 12 ആണ്. ആ റിപ്പോർട്ടിലെ 13-ാം പേജിൽ പറഞ്ഞിരിക്കുന്നത് നിർദ്ദിഷ്ട ഖനനമേഖല പാറ പോലെയുള്ളതാകയാൽ യാതൊരുവിധ പാരിസ്ഥിതികപ്രശ്നങ്ങളും ഉണ്ടാകില്ലെന്നും അഥവാ ഉണ്ടായാൽ അതിന് മറ്റ് പ്രതിവിധികളുണ്ടെന്നും കമ്മിറ്റി പറയുന്നു. സാമ്പത്തികമായ പ്രോത്സാഹനങ്ങളാൽ പാരിസ്ഥിതികാഘാതം ലഘൂകരിക്കാമെന്ന കമ്മിറ്റിയുടെ നിഗമനം എല്ലാ ശാസ്ത്ര തത്ത്വങ്ങൾക്കും മൂല്യങ്ങൾക്കും എതിരാണെന്ന് വികസിത സമൂഹമെന്ന നിലയിൽ നമുക്ക് അംഗീകരിക്കാതിരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റില്ല. അവിടെ താമസിക്കുന്ന ആളുകൾക്ക് കുറച്ച് സാമ്പത്തികം കൊടുത്താൽ അവിടെ ഉണ്ടാകുന്ന പാരിസ്ഥിതികപ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് ഒരു ശാസ്ത്രീയപഠന റിപ്പോർട്ടിൽ എഴുതിവയ്ക്കാമോ? അതല്ലേ എഴുതി വച്ചിരിക്കുന്നത്. എന്റെ നാട്ടുകാർ പട്ടിണിക്കാരാണ്. ആ പ്രദേശത്ത് താമസിക്കുന്നവർക്ക് പത്തു രൂപ കൊടുത്താൽ അവരൊക്കെ അങ്ങ് പൊയ്ക്കോളും എന്നല്ലേ എഴുതിവച്ചിരിക്കുന്നതിന്റെ പച്ച മലയാളം? ഇതാണോ ശാസ്ത്രീയപഠനം? ഒരു ജനതയുടെ ആവാസവും പാരിസ്ഥിതികവുമായ പ്രശ്നത്തെ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ചവർ ഇങ്ങനെയാണോ റിപ്പോർട്ട് എഴുതുന്നത്? അതുകൊണ്ടല്ലേ ശ്രീ. വി. എം. സുധീരനും ശ്രീ. കെ. സി. വേണുഗോപാലിനും എനിക്കും ഉൾപ്പെടെ ഒരേപോലെ ഈ പഠനത്തിൽ അവിശ്വാസ്യത രേഖപ്പെടുത്തേണ്ടിവന്നത്. ഞങ്ങൾ അവരുടെ മുമ്പിലേക്ക് പോകാതിരിക്കുന്നത് അതുകൊണ്ടല്ലേ? പഠനസമയത്ത് അവർ ഇറക്കിയ പ്രസ്താവനകളിലേക്കൊന്നും സമയക്കുറവുകൊണ്ട് ഞാൻ പോകുന്നില്ല. നിയോഗിച്ചവർക്ക് സൗകര്യമായ ഒരു പഠനമല്ലേ നിങ്ങൾ നടത്തിയ മൂന്ന് പഠനങ്ങൾ എന്ന് ബഹുമാനപ്പെട്ട യു.ഡി.എഫ്. നേതൃത്വവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പരിശോധിച്ച് ബോദ്ധ്യപ്പെടണം. എവിടെയാണ് പ്രശ്നം? ഈ ചർച്ചയിൽ വിവാദം ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ പാർട്ടിയുടെ നയം അവസാനം പറഞ്ഞു ഞാൻ നിർത്താം. നിധി കാക്കുന്ന ഭൂതംപോലെ സമ്പത്തിന്റെ മുകളിൽ ഇരിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ നയം വിശദീകരിച്ചു കേട്ടപ്പോൾ എനിക്ക് വേദന തോന്നി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു, ഈ പ്രദേശത്ത് സുനാമി ബാധിച്ചല്ലോ. സുനാമിയുടെ ശാസ്ത്രീയതയൊന്നും ഞാൻ പറയുന്നില്ല. ഡൊമിനിക് പ്രസന്റേഷൻ എന്ന മന്ത്രി ഒഴികെ എന്റെ പ്രദേശത്തിന് എന്തു ചെയ്തു എന്നുള്ളതിനെക്കുറിച്ച് ഒരു ചർച്ച നിയമസഭയിൽ വയ്ക്കണം. ആറാട്ടുപുഴ-തൃക്കുന്നപ്പുഴ മേഖലയിലെ ഖനനത്തിനുവേണ്ടി 140 എം.എൽ.എ.-മാരുടെ സമയം മാറ്റിവച്ച ബഹുമാനപ്പെട്ട യു.ഡി.എഫ്. നേതൃത്വത്തോടും മുഖ്യമന്ത്രിയോടും ഞാൻ അഭ്യർത്ഥിക്കുന്നു, ഈ മേഖലയിലെ സുനാമി പുനരധിവാസപ്രവർത്തനത്തിന് നിധി കാക്കുന്ന ഭൂതം പോലെ അതിന്റെ മുകളിൽ കയറിയിരുന്നുകൊണ്ട് എന്റെ നാടിന്റെ വില പറഞ്ഞ് എന്നെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ച രാഷ്ട്രീയപാർട്ടികളുടെ നേതാക്കന്മാരോട് ഞാൻ പറയുന്നു: എന്റെ കടപ്പുറത്തെ മണ്ണിന്റെ ഉപ്പ് എന്റെ നാട്ടിലെ പാവപ്പെട്ട കയർത്തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയുംകൊണ്ടുണ്ടായതാണ്. അവിടെ അണികളില്ലാതെ, രാഷ്ട്രീയപാർട്ടികൾക്ക് അതിവേഗം ഈ സമ്പത്തിന്റെ കണക്ക് പറയാൻ കഴിയും. ഒരു സെന്റീമീറ്റർ കടൽഭിത്തി കെട്ടിയില്ല. ഇതിൽ ബഹുമാന്യനായ വി. കെ. ഇബ്രാഹിം കുഞ്ഞ് പറഞ്ഞു, ഞങ്ങൾക്ക് പുനരധിവാസം തരാമെന്ന്. ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. തോട്ടപ്പള്ളി പൊഴിക്കും കായംകുളം പൊഴിക്കും മദ്ധ്യേ എന്ത് ചെയ്തു എന്ന് സ്വസ്ഥമായി സുനാമിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് എടുത്തുവച്ച് ഒന്ന് പരിശോധിക്കണം. ഞങ്ങളുടെ നാട് ഖനനത്തിനുവേണ്ടി മാറ്റിയിട്ടിരിക്കുകയാണ്. യു.ഡി.എഫ്.-ൽ സമ്പത്തിന്റെ കണക്ക് പറഞ്ഞ പാർട്ടിക്ക് അവിടെ അണികൾ ഉണ്ടാവില്ല. പക്ഷേ,

LIBRARY ARCHIVES Kerala Legislative Assembly

കുറച്ച് കോൺഗ്രസ്സുകാരുണ്ട്. അവരുടെ ജീവിതത്തിന്റെ പ്രശ്നമുണ്ട്. നിങ്ങൾ സുനാമിയുടെ പ്രശ്നങ്ങൾ പരിശോധിച്ചോ? ഒരു അംഗൻവാടി പണിതു കൊടുത്തില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. ചർച്ച വച്ച് പരിശോധിക്കൂ. അതാണ് എനിക്ക് പറയാനുള്ളത്. ഈ സമയത്ത് വാരിക്കൊണ്ടുപോയി കണക്കുപറയാൻ ശ്രമിക്കുന്ന എന്റെ മാന്യ സുഹൃത്തുക്കളേ, ഇവിടെ ജീവിച്ചിരുന്ന മനുഷ്യാത്മാക്കളിൽ 32 പേർ മരിച്ചു. പ്രൊഫ. കെ. വി. തോമസ് അംഗീകരിച്ചല്ലോ ഒരു സെൻസേഷണൽ ഏരിയ ആണെന്ന്. കുട്ടനാട്ടിലെ എം.എൽ.എ. പറഞ്ഞല്ലോ; എന്റെകൂടെ നിങ്ങൾവന്ന് നോക്കൂ, ഒരു പോറൽ ഏൽക്കാതെ നിധി കാക്കുന്ന ഭൂതത്തെപ്പോലെ സുനാമി വന്ന് കാത്തു സൂക്ഷിക്കുന്നവരെ ഞാൻ അവിടേക്ക് കൊണ്ടുപോകാം. ഒരു തിര അടിച്ചാൽ ആ തിര ഒടിയുന്നത് കടലിന്റെ തീരത്താണ്. കരയും കടലും തമ്മിൽ 50 മീറ്റർ ഇല്ല. ആറാട്ടുപുഴയുടെ പ്രശ്നത്തിന്റെ കാര്യം പറയാൻ കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ ഞാൻ കൊണ്ടുവന്നില്ലേ? എന്റെ പാർട്ടിക്കാർ മാത്രമല്ലല്ലോ വന്നത്. ഈ പ്രദേശത്തെ കടൽ കാർന്നുതിന്നുകയാണ്. അവിടത്തെ ധാതുക്കളെക്കുറിച്ച് നമ്മൾ കണക്കെടുക്കുമ്പോൾ അവിടത്തെ മനുഷ്യ ജീവനെക്കുറിച്ച് കണക്കുകൂട്ടുന്നില്ല. അവരുടെ ജീവിതത്തെക്കുറിച്ച്, കയർ സംഘങ്ങളുണ്ട്. അവർക്ക് ഒരു രൂപ കൊടുത്തോ? യു.ഡി.എഫ്. രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തെ ഈ രണ്ട് പഞ്ചായത്തിലും വിളിച്ച് ഒന്ന് ചർച്ച ചെയ്യൂ. സിന്തറ്റിക് റൂട്ടൈലിന്റെയും മിനറൽ സെപ്പറേഷൻ പ്ലാന്റിന്റെയും സ്ഥാപനത്തെ സംബന്ധിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചു. സ്ഥാപിക്കാൻ നമ്മൾ മുൻകൈ എടുക്കേണ്ടേ? ശ്രീ. വാജ്പേയി പറഞ്ഞിട്ട് പോയി. പക്ഷേ, നമ്മുടെ സർക്കാർ വന്നല്ലോ. കേന്ദ്രത്തിൽ നിങ്ങൾ നേതൃത്വം കൊടുക്കുകയും നമ്മൾ പുറത്തുനിന്ന് പിൻതാങ്ങുകയും ചെയ്യുന്ന സർക്കാർ. നമുക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് അതു കൊണ്ടുവരാൻ നമ്മൾ മുൻകൈയെടുക്കേണ്ടേ? കൂട്ടായി നീങ്ങേണ്ടേ? പൊതുമേഖലയിലുള്ള സ്ഥാപനത്തിലാണ് മുൻകൈയെടുക്കാൻ ശ്രമിക്കുന്നത്. അതേദിവസം പത്രത്തിൽ കണ്ടു. സംസ്കരണ വകുപ്പുമന്ത്രി ഒരഭിപ്രായം ഖനനത്തെക്കുറിച്ച് ചോദിച്ചപ്പോൾ ആദ്യം കോൺഗ്രസ്സിന് ഒരു നയമുണ്ടാകട്ടെ അതിനുശേഷം തീരുമാനിക്കാമെന്ന് പറഞ്ഞത്. അതാണ് കേരളത്തിൽ സംസ്ഥാന ഗവൺമെന്റിന് ഉണ്ടാകേണ്ടത്. കായംകുളത്തെ പൊഴി ആഴിയായി മാറി. കായംകുളം കായലിൽ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നില്ലെങ്കിൽ 365 ദിവസവും ആഴിയായി മാറിയ കായംകുളം കായലിൽ ഉപ്പുവെള്ളം എത്തും. പ്രധാനമന്ത്രി വന്നപ്പോൾ കായംകുളം കായലിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കണമെന്ന് മെമ്മോറാണ്ടം കൊടുത്തു. പ്രധാനമന്ത്രി അംഗീകരിച്ചതായി പ്രഖ്യാപിച്ചിട്ടു പോയി. നമുക്ക് ഹോളോ ആസ്റ്റ് നടത്താൻ കഴിഞ്ഞില്ല. കെ.എൻ.എ. ഖാദർ വരുമെങ്കിൽ കാണിച്ചുതരാം. 50 മീറ്റർ മാത്രമേയുള്ളൂ. അതങ്ങ് മുറിഞ്ഞുപോയാൽ കായലും കടലും ഒന്നായാൽ സെൻട്രൽ കുട്ടനാട്ടിൽ എത്തും .....(ബഹളം).....ആ പ്രശ്നങ്ങളാണ് പാരിസ്ഥിതിക പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബി ജോൺ: ബഹുമാനപ്പെട്ട മെമ്പർ മൽസ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടെയും ആശങ്കയോട് പൂർണ്ണമായും യോജിക്കുന്നു. അവരുടെ ആശങ്ക ദൂരീകരിക്കേണ്ടതാണ്. പക്ഷേ, 100 വർഷം അല്ലെങ്കിൽ 80 വർഷക്കാലമായി ഖനനം നടക്കുന്ന എന്റെ നിയോജക മണ്ഡലത്തിലെ താഴ്ച്ചക്കടവിൽ 25 മീറ്ററേയുള്ളൂ കായലും കടലും തമ്മിലുള്ള വ്യത്യാസമെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ? ചിലർ ചില പാരിസ്ഥിതികപ്രശ്നങ്ങൾ ഉയർത്തിക്കാട്ടുകയാണ്. അത് ഈ വ്യവസായത്തിന് ഗുണകരമല്ല എന്നുള്ളത് സ്ഥാപിക്കണമെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. ടി. കെ. ദേവകുമാർ: അത് ഷിബുവിന്റെ പാർട്ടിയുടെ അഭിപ്രായമാണ്. എന്റെ പാർട്ടിയുടെ അഭിപ്രായം ഞാൻ പറയാം. ഭൂമിയുടെ ചരിവിലും ദിശാബോധത്തിലും വരുന്ന മാറ്റം ഡെപ്പോസിറ്റിന് മാറ്റം വരുത്തുമെന്നും തൃക്കുന്നപ്പുഴ, ആറാട്ടുപുഴ, ചവറയിലും, കരുനാഗപ്പള്ളിയിലും ഡെപ്പോസിറ്റ് ഉണ്ടാകും. ഇവിടെ സാധാരണ ആരെങ്കിലും പറഞ്ഞുവന്നിട്ടുണ്ടെങ്കിൽ, ഇന്ന് നിലവിലുള്ള ടെക്നോളജിയെ അതിജീവിക്കാനുള്ള ടെക്നോളജി അമേരിക്കയിൽ ഡെവലപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. കടലിന്റെ അടിത്തട്ടിൽ പോയി ധാതു നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിനെ സംബന്ധിച്ച് പഠനവിഷയമാക്കേണ്ട കാര്യമാണ്. പക്ഷേ, എന്റെ നാട്ടിലെ കടൽഭിത്തിയില്ലാതെ കടൽ കരയിലേക്ക് കയറിവരുന്ന ആറാട്ടുപുഴയിലെയും തൃക്കുന്നപ്പുഴയിലെയും ജനങ്ങളോടൊപ്പം ഞാനും എന്റെ പാർട്ടിയും ഇവിടുത്തെ മഹാഭൂരിപക്ഷം ജനങ്ങളും കോൺഗ്രസ്സും ഉൾപ്പെടെയുള്ള ആളുകൾ ഖനനത്തെ എതിർക്കും. അതുകൊണ്ട് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ഇക്കാര്യത്തിലുള്ള സുചിന്തിതമായ അഭിപ്രായം പറയാം. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ-തൃക്കുന്നപ്പുഴ മേഖലയിൽ കരിമണൽ ഖനനം നടത്തുവാൻ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി അനുവദിക്കുകയില്ല. അതേസമയം സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിൽ പരിസ്ഥിതിപ്രശ്നങ്ങൾ ഇല്ലാതെ ഖനനം ചെയ്യുന്നതിനെ എതിർക്കുന്നില്ല. കരിമണൽ ഖനനപ്രശ്നത്തിൽ സി.പി.എം.-ന്റെ നയം വ്യക്തമാണ്. സമുദ്രനിരപ്പിനെക്കാൾ താഴ്ന്നുകിടക്കുന്ന ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പ്രദേശങ്ങളിൽ കരിമണൽ ഖനനം നടന്നാൽ ഇവിടെയാകെ കടലെടുക്കുമെന്ന ഭീതി ജനങ്ങൾക്കുണ്ട്. ഇത് അസ്ഥാനത്തല്ല. എന്റെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. സുനാമി ദുരന്തത്തിൽ ആറാട്ടുപുഴ പഞ്ചായത്തിലെ മാത്രം 32 പേരാണ് മരിച്ചത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കടലാക്രമണത്തിലും വൻനാശനഷ്ടമുണ്ടായി. അതിനാൽ ജനങ്ങൾ ഒന്നടങ്കം ഖനനത്തെ എതിർക്കുന്നു. ഇക്കാര്യത്തിൽ സി.പി.ഐ.(എം.) അവിടുത്തെ ജനങ്ങളോടൊപ്പമാണ്. സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലെയും സ്ഥിതി അതല്ല. കൊല്ലത്തും മറ്റും ഇപ്പോൾത്തന്നെ ഖനനം നടക്കുന്നുണ്ട്. ഇവിടെ പാരിസ്ഥിതികപ്രശ്നങ്ങൾ ഇല്ലാതെ ഖനനം ചെയ്യുന്നതിൽ ഞങ്ങൾക്ക് എതിർപ്പില്ല. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കായിരിക്കണം

LIBRARY ARCHIVES Kerala Legislative Assembly

ഖനനത്തിന്റെ ചുമതല ലഭിക്കേണ്ടത്. കരിമണൽ അതേപടി വിൽക്കുന്നതിന് പകരം അതിന്റെ മൂല്യം വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. മൂല്യവർദ്ധിത പ്രോഡക്ടുകൾ ഉണ്ടാക്കി കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാനും തൊഴിലവസരം സൃഷ്ടിക്കാനും ഗവൺമെന്റ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി സ്വാഗതം ചെയ്യുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: കരിമണൽ ഖനനത്തെക്കുറിച്ച് കുറേ വർഷങ്ങളായി കേരളത്തിൽ സജീവമായി ചർച്ചനടക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഏറ്റവും സുതാര്യമായ മാർഗ്ഗം സ്വീകരിക്കാനാണ് ആഗ്രഹിച്ചത്. അതുകൊണ്ടാണ് ഒരു പൊതുചർച്ചയ്ക്ക് അനുയോജ്യമായി, ഈ നിയമസഭയിൽ തന്നെ ഈ ചർച്ച നടത്തണമെന്ന് ആഗ്രഹിച്ചത്. ശ്രീ. ടി. കെ. ദേവകുമാർ അവസാനം പറഞ്ഞതുപോലെ ഈ സഭയുടെ സമയം കളഞ്ഞ ഒന്നായി ഈ ഗവൺമെന്റ് ഇതിനെ കാണുന്നില്ല. നമ്മുടെ സംസ്ഥാനത്ത് പല സാഹചര്യങ്ങൾ കൊണ്ടും പ്രാധാന്യം അർഹിക്കുന്ന പ്രശ്നം മറ്റ് എവിടെ ചർച്ച ചെയ്യുന്നതിനെക്കാൾ കൂടുതൽ ഇവിടെ ചർച്ച ചെയ്യേണ്ടതാണെന്ന് ഗവൺമെന്റ് വിശ്വസിക്കുന്നു. അതുകൊണ്ടാണ് ഈ സഭയിൽ ഈ പ്രശ്നം ചർച്ചയ്ക്ക് വച്ചത്. ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. എല്ലാ കാര്യങ്ങളും നമുക്ക് തുറന്ന് ചർച്ച ചെയ്യാം. 2003-ലും 2004-ലും 2005-ലും മൂന്ന് കമ്മിറ്റികൾ അത് പരിശോധിച്ചു. അവർ റിപ്പോർട്ട് തന്നിട്ടുണ്ട്. 1998-ൽ കേന്ദ്ര ഗവൺമെന്റ് ഒരു ദേശീയ ധാതുമണൽ ഖനനനയം പ്രഖ്യാപിച്ചു. അതിന്റെ ചുവട് പിടിച്ചുകൊണ്ട് കേരളത്തിൽ 2002-ൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ വ്യവസായ മന്ത്രി ആയിരുന്ന അവസരത്തിൽ ഒരു ധാതുമണൽ നയത്തിന് രൂപം കൊടുത്ത് ഈ നിയമസഭയിൽ അത് അവതരിപ്പിക്കുകയുണ്ടായി. കേന്ദ്രത്തിന്റെ നയത്തിന് വിധേയമായി കേരളത്തിലെ ധാതുമണൽ പ്രയോജനപ്പെടുത്തുന്നതിന് സഹായകരമായ രീതിയിലുള്ള ഒരു നയമാണ് അന്ന് പറഞ്ഞത്. അന്ന് രണ്ടുമൂന്ന് കാര്യങ്ങൾ ആ നയത്തിൽ പറഞ്ഞിരുന്നു. മൈനിംഗിന് മാത്രമായി ലൈസൻസ് കൊടുത്തിട്ടില്ല. ഈ മണൽവാരി സെപ്പറേറ്റ് ചെയ്ത് അത് പുറത്തുകൊണ്ടുപോകാനായി ആർക്കും ലൈസൻസ് കൊടുത്തിട്ടില്ല. റാല്യൂ അഡീഷന് മാത്രമായി, കേരളത്തിൽ ഈ സമ്പത്ത് പ്രയോജനകരമായി വിനിയോഗിക്കുന്നതിനുവേണ്ടി മാത്രമേ അനുവദിക്കുകയുള്ളൂ. മൂന്നാമത്, പബ്ലിക് സെക്ടറിലോ ജോയിന്റ് സെക്ടറിലോ മാത്രമേ അനുവാദം കൊടുക്കുകയുള്ളൂ. അങ്ങനെ കെ.എസ്.ഐ.ഡി.സി.-യെ ഒരു നോഡൽ ഏജൻസിയായി നിയോഗിച്ചു. അവർ ചില നടപടികളുമായി മുന്നോട്ടു പോയി. അതിനെത്തുടർന്ന് പല പ്രശ്നങ്ങളും ഉയർന്നുവന്നതിനെത്തുടർന്നാണ് നേരത്തെ പറഞ്ഞ മൂന്ന് കമ്മിറ്റികൾ രൂപീകരിച്ചത്. ആ കമ്മിറ്റികൾ ധാതുമണൽ ശേഖരിക്കുന്നതിന് സഹായകരമായിട്ടുള്ള, അതിനനുകൂലമായിട്ടുള്ള റിപ്പോർട്ടുകളാണ് തന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു പിടിവാശിയും ഇല്ല; ഒരു നിർബന്ധബുദ്ധിയുമില്ല. ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞു, അത് ഞങ്ങൾ അനുവദിക്കില്ലാ എന്ന്. അതുപോലെ ഗവൺമെന്റിന് ഇത് നടത്തണമെന്ന് ഒരു പിടിവാശിയും ഇല്ല. അങ്ങനെ ഒരു അഭിപ്രായം ഗവൺമെന്റിനില്ല. പക്ഷേ, ഒരു കാര്യത്തിൽ മാത്രമേ എനിക്ക് വ്യക്തമായ അഭിപ്രായമുള്ളൂ. ഞങ്ങളുടെ പാർട്ടിയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. മാർക്സിസ്റ്റ് പാർട്ടിയിലും അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഇപ്പോൾ ഞാൻ ഇങ്ങോട്ട് കയറുമ്പോൾ നിങ്ങളുടെ തൊഴിലാളി നേതാക്കളായ സഖാക്കൾ എന്നോട് ഞങ്ങളുടെ കഞ്ഞിയിൽ കല്ല് വാരിയിടരുതെന്ന് പറഞ്ഞു. ഞങ്ങളുടെ പാർട്ടിയിലും അഭിപ്രായ വ്യത്യാസങ്ങളുണ്ട്. മാർക്സിസ്റ്റ് പാർട്ടിയിലും ഉണ്ട്. പക്ഷേ, ഇക്കാര്യത്തിൽ ശ്രീ. ദേവകുമാർ പറഞ്ഞതുപോലെ ഒരു പിടിവാശിയും ഇല്ല. പക്ഷേ, എനിക്ക് വ്യക്തമായ അഭിപ്രായമുണ്ട്. അത് എന്റെ പാർട്ടിയുടേതാണെന്നുപോലും ഞാൻ പറയുന്നില്ല. എനിക്ക് വ്യക്തമായ ഒരു അഭിപ്രായമുണ്ട്. ഈ ധാതുസമ്പത്ത് ഒരു സാഹചര്യത്തിലും നമ്മൾ വിനിയോഗിക്കരുതെന്ന് പറയുന്നവരോട് എനിക്ക് യോജിപ്പില്ല. അത് ശരിയായ സമീപനമല്ല. കാരണം, അൻപത് കൊല്ലത്തിലേറെയായി അവിടെ ഖനനം ചെയ്യുന്നുണ്ട്. പത്തിരുപത്തിയേഴ് കൊല്ലമായി കെ.എം.എം.എൽ. അവിടെ ഖനനം നടത്തുന്നുണ്ട്. ശ്രീ. ഷിബു ബേബി ജോൺ അവിടെനിന്നുള്ള ആളാണ്. അദ്ദേഹം കാര്യങ്ങൾ ഇവിടെ പറഞ്ഞു. അത് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും, ബുദ്ധിമുട്ടുകളുണ്ടാക്കും എന്നൊക്കെ പറയുന്നതിലൂടെ, അതുകൊണ്ട് ഖനനം പാടില്ലെന്ന് പറയുന്നതിനോട് യോജിപ്പില്ല. അതേസമയം ഇതുസംബന്ധിച്ച് ഇവിടെ ഉയർന്നുവന്നിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും ഇതിന്റെപേരിൽ ഇന്ന് പല സ്ഥലങ്ങളിലും നടക്കുന്ന എല്ലാ പ്രതിഷേധങ്ങളും ഗവൺമെന്റ് കണക്കിലെടുക്കാൻ തയ്യാറാണ്. ഒന്നുപോലും അവഗണിക്കുന്നില്ല. ഒരു പ്രശ്നവും കണ്ടില്ലെന്നു നടിക്കുകയോ അവഗണിക്കുകയോ ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഇവിടെവന്ന ഒരു പ്രശ്നം പൊതുമേഖലയെ സഹായിക്കുന്നില്ല എന്നുള്ളതാണ്. നിങ്ങൾ

7 PM

യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തണം. ഐ. ആർ. ഇ.-ക്ക് ലൈസൻസ് കൊടുത്തിരിക്കുന്നത് രണ്ടു കൊല്ലത്തേക്കാണെന്ന് ശ്രീ. അസീസ് ഇവിടെ പറഞ്ഞു. 2010 വരെ ലൈസൻസ് ഉണ്ട്. അത് ഐ.ആർ.ഇ.-ക്ക് ഇനിയും എത്ര കൊല്ലം വേണമെങ്കിലും നീട്ടിക്കൊടുക്കും. ഒരു തർക്കവുമില്ല. അതുപോലെ കെ.എം.എം.എൽ.-ന് ഇപ്പോൾ 760 കോടി രൂപയുടെ എക്സ്പാൻഷൻ സ്കീമിന് അംഗീകാരം കൊടുത്തു. ആ പ്രോജക്ട് അംഗീകരിച്ചു. അതിന്റെ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചുകഴിഞ്ഞു. അവിടെ ടൈറ്റാനിയം മെറ്റൽ നിർമ്മിക്കാനുള്ള നടപടികളാണ് ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞത്. പൊതുമേഖലയ്ക്കുള്ള എല്ലാ സൗകര്യങ്ങളും അത് കെ.എം.എം.എൽ.-ന്റെ വികസനത്തിനാണെങ്കിലും ഐ.ആർ.ഇ.-യുടെ കാര്യത്തിലാണെങ്കിലും ഇതിൽ ഒരു അപാകതയും വരുന്നില്ല. 'ജിം'-ൽ നാഷണൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എം.ഡി.സി.) 1500 കോടി രൂപയുടെ ഒരു പ്രോജക്ട് പ്രഖ്യാപിച്ചു. ഗവൺമെന്റ് ആഗ്രഹിച്ചത് അത് വരണമെന്നുതന്നെയാണ്. പക്ഷേ, അവർ പിന്നീട് അതിൽ ഒരു താൽപ്പര്യവും കാണിച്ചില്ല. അതുകൊണ്ട് .....

ശ്രീ. ഷിബു ബേബി ജോൺ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഐ.ആർ.ഇ.-യുടെ കാര്യം പറഞ്ഞു. ഞാനും അങ്ങ് പറഞ്ഞപ്പോൾ രണ്ടു വർഷത്തേക്ക് കൊടുത്തു എന്ന ധാരണയിലായിരുന്നു. ദീർഘകാലം ആക്കുന്നതിന് കുഴപ്പമില്ല. പക്ഷേ, ഗവൺമെന്റ് നിബന്ധനകളോടുകൂടി വാല്യു അഡീഷനിൽ അവർ ഏർപ്പെടണം. ഇപ്പോഴുള്ള വേർതിരിക്കൽ കയറ്റുമതി നടത്തുന്നത് അവസാനിപ്പിച്ച് വാല്യു അഡീഷൻ ചെയ്യാം എന്നുള്ള നിബന്ധനയ്ക്ക് അനുസൃതമായി ദീർഘകാലത്തേക്ക് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. ഉമ്മൻ ചാണ്ടി: ഇപ്പോൾ 2010 വരെയാണ് കൊടുത്തിരിക്കുന്നത്. ശ്രീ. ഷിബു പറഞ്ഞ കാര്യത്തോട് പൂർണ്ണമായും യോജിക്കുന്നു. കാരണം, നമ്മുടെ ഏറ്റവും വലിയൊരു സമ്പത്ത് ഇവിടെനിന്നും പുറത്തുകൊണ്ടുപോയി അവർ വാല്യു അഡീഷൻ ആക്കി കോടികൾ സമ്പാദിക്കുക, നമ്മൾ അത് നോക്കിക്കൊണ്ടിരിക്കുക. അത് വളരെ തെറ്റായ കാര്യമാണ്. അത് പൊതുമേഖലയാണെങ്കിലും ചെയ്യുന്നത് ശരിയാണെന്ന് എനിക്ക് വിശ്വാസമില്ല. എനിക്ക് ഒരു കാര്യം പറയാനുള്ളത്, ഇവിടെ ഉയർന്നുവന്നിട്ടുള്ള എല്ലാ കാര്യങ്ങളെയും സംബന്ധിച്ച് പരിശോധിക്കേണ്ടത് പരിശോധിക്കണം. അതൊന്നും അവഗണിക്കുന്ന പ്രശ്നമില്ല. മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിച്ചിട്ടില്ല, അതിന് ദോഷകരമാണ് എന്നൊരു വാദഗതിയുണ്ട്. അത് പരിശോധിക്കാം. അതുപോലെ തന്നെ വളരെ ഗുരുതരമായ പരിസ്ഥിതിപ്രശ്നം അവിടെ ഉണ്ടാക്കി എന്നു പറഞ്ഞു. അതും പരിശോധിക്കാം. ഇതുവരെ നോക്കിയിട്ടുള്ള പഠനങ്ങളിൽ നിന്ന് ഇങ്ങനെ ഒന്ന് ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടില്ല. 50 വർഷമായി നടക്കുന്ന ഖനനസ്ഥലത്ത് ഇതുപോലെയുള്ള പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നുള്ളതാണ്. പിന്നെ വേറൊന്നുള്ളത്, ചില പ്രദേശങ്ങൾ ഒഴിവാക്കണം എന്നുള്ളതാണ്. അത് ശ്രീ. ദേവകുമാർ ഇവിടെ പറഞ്ഞു, മറ്റ് പല മെമ്പർമാരും പറഞ്ഞു. ജനസാന്ദ്രതയുള്ള, ജനങ്ങൾക്ക് ആശങ്കയും ഉൽക്കണ്ഠയുമുള്ള സ്ഥലത്ത് ഇതുകൊണ്ടുവന്ന് ബുദ്ധിമുട്ടുണ്ടാക്കാൻ ഗവൺമെന്റിന് ആഗ്രഹമില്ല. പക്ഷേ, ഇത്രയും വിലപ്പെട്ട സമ്പത്ത് നമുക്ക് അന്യാധീനപ്പെട്ടുപോകേണ്ട ഒരു സ്ഥിതി വേണോ? അത് പ്രയോജനപ്പെടുത്താനും നമുക്ക് പ്രതിഷേധങ്ങളും പരാതികളുമില്ലാതെ ആശങ്ക ഒഴിവാക്കിക്കൊണ്ട് ഒന്ന് ശ്രമിച്ചുകൂടേ? ഇത് പിടിവാശിയോടെ അല്ല, ഇത് ചർച്ചയ്ക്കുവേണ്ടി ഞാൻ സമർപ്പിച്ചിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിൽ മാത്രമല്ല, സഭയ്ക്ക് പുറത്തും നടക്കട്ടെ. ഈ റിപ്പോർട്ടിൽ വന്നിരിക്കുന്ന ചില നിർദ്ദേശങ്ങൾകൂടി അറിയണം. മൺസൂൺകാലത്ത്, വർഷകാലത്ത് കരയിൽ അടിഞ്ഞു കയറുന്ന ധാതുമണൽ നീക്കം ചെയ്യുക. ഖനനം എന്നു പറഞ്ഞാൽ വളരെ കൂടുതൽ കുഴിച്ച്, വലിയ പ്രശ്നങ്ങളുണ്ടാക്കുന്ന, കടലും കായലുംകൂടി ഒന്നിച്ചാകത്തക്ക സംവിധാനമൊന്നും അല്ല. വർഷകാലത്ത് തിരമാല അടിച്ച് കരയിലേക്ക് കയറ്റുന്ന ഈ ധാതുസമ്പത്ത് അവിടെനിന്ന് എടുത്തു മാറ്റുക. റിപ്പോർട്ടിൽ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം 'ധാതു മണൽ കൊയ്ത്ത്-മിനറൽ ഹാർവെസ്റ്റ്' എന്നാണ്. ഖനനം അല്ല. അടിച്ചുകയറുന്ന മണൽ അവിടെനിന്ന് നീക്കം ചെയ്തുകൂടേ എന്നുള്ളതാണ്. യന്ത്രം ഉപയോഗിക്കാതെ കൈകൊണ്ട് വാരുക, ഒരു യന്ത്രവും വേണ്ട; കൈകൊണ്ട് വാരുകയാണ്. മറ്റൊരു നിർദ്ദേശം അര മീറ്ററിൽ താഴേക്ക് പോകാൻ പാടില്ല എന്നാണ്. അര മീറ്റർ എന്നു പറയുമ്പോൾ ഒന്നരയടി. ഖനനം എന്നു പറയുമ്പോൾ നമ്മുടെ മനസ്സിൽ പെട്ടെന്ന് വരുന്ന ഒരു ചിന്ത വലിയ കുഴികൾ, കടലിന്റെയും കായലിന്റെയും തീരത്ത് വരുമ്പോൾ ഉണ്ടാകാവുന്ന അപകടം എന്ത്? അതു ഒരു ചെറിയ ഭാഗത്ത് മാത്രം അനുവദിക്കുക. അങ്ങനെയുള്ള മൂന്ന് നാല് നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിൽ ഉള്ളത്. ഞാൻ ഈ നിയമസഭയുടെ മുമ്പിൽ ഇതിലൂടെ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഇത് അവതരിപ്പിക്കുകയാണ്. വേണോ വേണ്ടയോ എന്ന് തീരുമാനിക്കുക. ഗവൺമെന്റിന് ഒരു വാശിയുമില്ല. പക്ഷേ, നമ്മുടെ വിലപ്പെട്ട ഒരു സമ്പത്താണ്. നമുക്കത് വളരെയധികം പ്രയോജനകരമായ രീതിയിൽ വിനിയോഗിക്കാൻ വാല്യൂ അഡീഷനുള്ള യൂണിറ്റ് മാത്രം, അതും വർഷ കാലത്ത് അടിഞ്ഞുകയറുന്ന മണൽ യന്ത്രം ഉപയോഗിക്കാതെ കൈകൊണ്ട് വാരി ഒന്നരയടിയിൽ കൂടുതൽ താഴേക്ക് പോകാതെയുള്ള ഒരു സംവിധാനത്തെക്കുറിച്ച് അതും ചെറിയ ചെറിയ പോർഷൻ മാത്രം അനുവദിച്ചുകൊണ്ട് പോകുന്നതിനെക്കുറിച്ച് നമുക്ക് ചിന്തിക്കാമോ? ഇതാണ് പറയാനുള്ളത്.

ശ്രീ സി കെ ദേവകുമാർ : സർ, ഈ നിർദ്ദേശം വച്ചപ്പോൾ ഇതുതന്നെയാണ് ഈ റിപ്പോർട്ടിന്റെ അശാസ്ത്രീയത. സർ, ഇത് കണക്കുകൂട്ടി നോക്കണം. അവർ അനുവദിക്കാമെന്നു പറഞ്ഞ ഭൂമിയുടെ സ്ക്വയർ ഫീറ്റ്, അവർ എടുക്കുമെന്നു പറഞ്ഞ മണ്ണിന്റെ ഡെപ്ത്ത്, അവിടെ വാരിയെടുക്കാൻ കഴിയുന്ന, കിട്ടുന്ന ആകെ മണ്ണ്, അതിന്റെ കാണ്ടിറ്റി എത്ര എന്നുള്ളത് പരിശോധിക്കാൻ അങ്ങ് തയ്യാറാകണം. അപ്പോൾ ഈ റിപ്പോർട്ടിന്റെ പഠനത്തിലെ അശാസ്ത്രീയത അങ്ങേക്ക് ബോധ്യപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : നമുക്ക് അതിനപ്പുറത്തേക്ക് പോകേണ്ട. ഇനിയാണെങ്കിൽ പറ്റുമോ? അതും ഞാൻ നിർബന്ധിക്കുകയല്ല. വേണമെന്ന് പറയുകയുമല്ല. പക്ഷേ, ഈ റിപ്പോർട്ട് എല്ലാം എന്റെ കൈയിൽ കിട്ടിയിരിക്കുമ്പോൾ അതെല്ലാം വായിച്ചുനോക്കി, ഈ കാര്യങ്ങൾ തുറന്നു പറയാൻ കഴിയുന്നില്ലെങ്കിൽ അത് ഞാൻ ചെയ്യുന്ന തെറ്റ് ആയിരിക്കും. വലിയ ഖനനമോ യന്ത്രം ഉപയോഗിച്ചോ ഒന്നുമല്ല. പക്ഷേ, ഈ നിലയിൽ ഈ വ്യവസ്ഥകൾക്ക് വിധേയമായി ആകാമോ?

ശ്രീ. കെ.പി. രാജേന്ദ്രൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൺക്ലൂഡ് ചെയ്തതുകൊണ്ട് ഞാൻ ചോദിക്കുകയാണ്. നിയമസഭയ്ക്കകത്ത് ചർച്ച ചെയ്തിട്ട് പൊതുജനങ്ങൾക്കായി ചർച്ച ചെയ്യാമെന്ന് പറഞ്ഞു. ഈ ചർച്ച എന്നു പറയുമ്പോൾ ഇതിനുമുമ്പ് സർവ്വകക്ഷി ചർച്ച നടന്നപ്പോഴുണ്ടായ അനുഭവംവച്ചാണ് പറയുന്നത്. ഇവിടെ ചർച്ച ചെയ്തു. ഇതൊരു general consensus ആണെന്ന രീതിയിലല്ലല്ലോ പോകുന്നത്. ഞങ്ങൾ ശക്തിയായി ഇതിനെ തള്ളിക്കളയുന്ന, ഖനനം നടത്താൻ പാടില്ല എന്നു പറഞ്ഞ അഭിപ്രായത്തെ നിലനിർത്തിക്കൊണ്ടുവേണം ഗവൺമെന്റിന് അങ്ങനെയൊരു അഭിപ്രായമുണ്ടെങ്കിൽ മുന്നോട്ടുപോകാൻ.

ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ പറഞ്ഞല്ലോ, ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു പിടിവാശിയുമില്ല. ശ്രീ. ദേവകുമാർ പറഞ്ഞു, ഖനനം ആകാം, പക്ഷേ, ചില പ്രദേശങ്ങളിൽ പാടില്ല. ഞാൻ പറയുന്നത് റിപ്പോർട്ടിനകത്ത് ചില വ്യവസ്ഥകളുണ്ട്. ഈ പ്രതിഷേധവും അമർഷവുമൊക്കെ ഉൾക്കൊണ്ടുകൊണ്ട് ഇതുപോലെയുള്ള വ്യവസ്ഥകൾ വച്ചുനടത്താമോ? ശ്രീ. ദേവകുമാർ ചോദിച്ച ഒരു ചോദ്യമുണ്ട്. ഇങ്ങനെയൊക്കെ നടത്തുമ്പോൾ അവർക്ക് ഒരു ലാഭവും ഉണ്ടാക്കാൻ സാധിക്കില്ല. ഇല്ലായിരിക്കാം. നമുക്ക് ആർക്കെങ്കിലും ലാഭം ഉണ്ടാക്കിക്കൊടുക്കാൻ പറ്റുമോ? അവിടുത്തെ മൽസ്യത്തൊഴിലാളികളുടെ പ്രശ്നമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ് നമ്മുടെ തീരപ്രദേശത്ത് ജീവിക്കുന്ന മൽസ്യത്തൊഴിലാളികൾ. അവരുടെ ജീവിതസൗകര്യമൊക്കെ വളരെ ലഘുവാണ്. ഒന്നുമില്ല. അവർ ബുദ്ധിമുട്ടുകയാണ്. അങ്ങനെ കഴിയുന്ന ഒരു ജനതയുടെമേൽ പുതിയ ഭാരം കെട്ടിവയ്ക്കാനോ അവർക്ക് ആശങ്ക ഉണ്ടാക്കാനോ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കേണ്ടത് ഈ റിപ്പോർട്ടിൽ മത്സ്യത്തൊഴിലാളികളുടെ ആശങ്ക ദൂരീകരിക്കുന്ന നടപടികളെക്കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ല. അവരെ പണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വലിച്ചെറിയുന്ന പോലെ വലിച്ചെറിയപ്പെടരുത്. അവർക്ക് റീ-സെറ്റിൽമെന്റ് പാക്കേജ് അടക്കം ഇതിൽ ഉൾപ്പെടുത്തണം. ഞാൻ ഇത് പറയാൻ കാരണം, നിലവിലുള്ള 2 പൊതുമേഖലയുടെ പ്രവർത്തനം പരിശോധിച്ചാൽ ഒരു കേന്ദ്രപൊതുമേഖല തൊഴിൽ കൊടുക്കുന്നുണ്ട്. അവർക്ക് mine ചെയ്തിട്ട് തിരിച്ചു സ്ഥലം കൊടുക്കുന്നുണ്ട്. സംസ്ഥാന പൊതുമേഖല ഇത് ചെയ്യുന്നില്ല. എന്നാൽ ഇങ്ങനെയുള്ള കാര്യങ്ങൾ അഡ്രസ്സ് ചെയ്തുകൊണ്ടുവേണം ഞങ്ങളുടെ ഈ ആശങ്ക ദൂരീകരിക്കാൻ. അതിനുകൂടി, ആ റിപ്പോർട്ടും പഠനവും റീ-സെറ്റിൽമെന്റ് പാക്കേജിലൂടെ ഗവൺമെന്റ് തയ്യാറാകണം. അതിന് ഗവൺമെന്റ് തയ്യാറാണോയെന്ന് പറയണം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, അത് അടുത്ത ഒരു സ്റ്റേജിലേക്ക് കടക്കുന്ന അവസരത്തിലാണ് അത് ചെയ്യേണ്ടത്. നമുക്കിപ്പോൾ അത് അനുവദിക്കണോ, വേണ്ടയോയെന്നുള്ളതുതന്നെ പ്രശ്നമായി നിൽക്കുകയാണ്. പക്ഷേ, ഞാൻ പറയുന്നത് നമുക്കിങ്ങനെയൊരു ക്ലോസ്ഡ് മൈന്റായിട്ട് പോകാൻ പറ്റുമോ? ഇന്നത്തെ പത്രങ്ങളിലെല്ലാം നമ്മുടെ കടബാധ്യതകളെക്കുറിച്ച് വന്നിട്ടുണ്ട്. സാമ്പത്തികമായിട്ട് ബുദ്ധിമുട്ടിലേക്കാണ്. യാതൊരു സംശയവുമില്ല. നമ്മൾ ഒന്നു ചിന്തിക്കണം. നമ്മളിന്ന് കടം വാങ്ങി സൗജന്യം കൊടുത്ത് നശിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് എന്നും ഇങ്ങനെ പോയാൽ മതിയോ? നമ്മൾ കടം വാങ്ങുന്നു, സൗജന്യം കൊടുക്കുന്നു. നമ്മുടെ കടബാധ്യത ഓരോ നാളും ഇങ്ങനെ കൂടിക്കൊണ്ടിരിക്കുകയാണ്. നമുക്കും ഇവിടെ സമ്പത്ത് ഉണ്ടാക്കണ്ടേ? നമുക്കും ഇവിടെ നമ്മുടേതായ റിസോഴ്സസ്സ് പ്രയോജനപ്പെടുത്തി വളരണ്ടേ? അതുകൊണ്ട് ഈ സഭയുടെ മുമ്പിലും അതിലൂടെ കേരള ജനതയുടെ മുമ്പിലും പറയാനുള്ളത് ഇവിടെ ഇതു സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള എല്ലാ പ്രശ്നങ്ങളെയും കണക്കിലെടുത്തുകൊണ്ട്, അതൊന്നും അവഗണിക്കുകയല്ല, നമുക്ക് അതിനൊക്കെ പരിഹാരം കണ്ടെത്തിക്കൊണ്ട്, നമുക്ക് ഈ സമ്പത്ത് പ്രയോജനപ്പെടുത്തുന്നതിന് ഒന്നിച്ച് മുമ്പോട്ടുപോകാൻ സാധിക്കുമോ? ഇതുപോലുള്ള കാര്യത്തിലൊക്കെ ഒരു പൊതുവായ സമന്വയം ആവശ്യമാണ്. യാതൊരു സംശയവുമില്ല. അതിന് തയ്യാറാണോയെന്നുള്ളതാണ്?

ശ്രീ. സി. കെ. നാണു: സർ, ഒരു സ്ഥലത്ത് മഴക്കാലത്ത് തിരയടിച്ച് കയറിയുണ്ടാകുന്ന ധാതുക്കളെ സംബന്ധിച്ച് പറഞ്ഞു. ആലപ്പുഴയിലും കൊല്ലത്തും ഈ ധാതുമണൽ ഉള്ള എല്ലാ പ്രദേശങ്ങളിലും ഇതുപോലെ ഈ മഴക്കാലത്ത് ഇങ്ങനെ ഈ ധാതുക്കളുള്ള മണൽ കയറിവരുന്ന ഒരു സ്ഥിതിയുണ്ടോ? ആ രൂപത്തിൽ അതിന് അങ്ങനത്തെ ഒരു പഠനം ശാസ്ത്രീയമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഈ സുനാമി കഴിഞ്ഞ പ്രദേശങ്ങളിലൂടെയൊക്കെ പോയി. അവിടെ വലിയ തോതിൽ ഈ മണ്ണ് അടിഞ്ഞുകൂടിക്കിടക്കുന്നത് കണ്ടു. ആ മണ്ണുമാറ്റി അതുവഴി ഗതാഗതയോഗ്യമാക്കാൻതന്നെ ദിവസങ്ങളെടുത്തു. തിരയടിക്കുമ്പോൾ ഈ മണ്ണ് വരുന്നു. പിന്നെ വരുന്ന ഒരു അവസരത്തിൽ ഈ മണ്ണ് ഇറങ്ങിപ്പോകുന്നു. അതുകൊണ്ട് ഇത് ഒരു തുറന്ന ചർച്ചയ്ക്ക് സാഹചര്യം ഉണ്ടാക്കിയത്, ഇത് എല്ലാം നമ്മൾ പരസ്പരം കാര്യങ്ങൾ അറിഞ്ഞ് മനസ്സിലാക്കി മുമ്പോട്ടുപോകണം എന്നുള്ളതാണ്. ഞാൻ എന്റെ ഈ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു പിടിവാശിയുമില്ല. പക്ഷേ, നമുക്കും ഇവിടെ വികസനം വേണ്ടേ? നമ്മുടെ അവസരങ്ങൾ പ്രയോജനപ്പെടുത്തണ്ടേയെന്ന് ചിന്തിക്കണം. ഞാൻ അവസാനിപ്പിക്കുന്നതിന് മുൻപ് വീണ്ടും ഒരിക്കൽക്കൂടി പറയുന്നു, ഇതു സംബന്ധിച്ച് ആർക്കും ആശങ്ക വേണ്ട. ഇതു സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ, ഈ സഭയുടെ പുറത്തു ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ അതെല്ലാം കണക്കിലെടുത്തേ ഒരു തീരുമാനം ഗവൺമെന്റ് എടുക്കുകയുള്ളൂ. പക്ഷേ, ഒരു സാഹചര്യത്തിലും ഖനനം പാടില്ല എന്നു പറയുന്ന സമീപനത്തോട് ഗവൺമെന്റിന് യോജിപ്പില്ല. മറിച്ച് ഇന്നയിന്ന പ്രശ്നങ്ങളുണ്ട്, അതിൽ പ്രതിഷേധമുണ്ട്, അത് പരിഹരിക്കണം. അതിന് പരിഹാരം കണ്ടെത്തിയേ പോകാൻ പറ്റൂ എന്നു പറയുന്നത്, അങ്ങനെ വരുന്ന എല്ലാ പ്രശ്നങ്ങളും കണക്കിലെടുത്ത് ഒരു പരാതിയും പ്രതിഷേധവും കണക്കിലെടുക്കാതെ പോകില്ല. ആര് ഉന്നയിക്കുന്ന പ്രശ്നവും അത് ഗൗരവത്തോടുകൂടിയെടുത്ത് അതിനുകൂടെ പരിഹാരം ഉണ്ടാക്കിക്കൊണ്ട് നമുക്ക് ഈ സമ്പത്ത് നമ്മുടെ സംസ്ഥാനത്തിനുവേണ്ടി വിനിയോഗിക്കാൻ സാധിക്കുമോയെന്നുള്ളതാണ് നമുക്ക് പരിശോധിക്കേണ്ടത്. അതിന് ഗവൺമെന്റിനോട് സഹകരിക്കാൻ എല്ലാപേരും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(2) കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം സംബന്ധിച്ച് ചർച്ച(ശ്രീ. മത്തായി ചാക്കോ നോട്ടീസ് നൽകിയത്)

ശ്രീ. മത്തായി ചാക്കോ: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 58-ാം ചട്ടപ്രകാരം താഴെപ്പറയുന്ന പൊതുപ്രാധാന്യമുള്ള അടിയന്തിര സംഗതി ചർച്ച ചെയ്യാനുള്ള എന്റെ ഉദ്ദേശം സംബന്ധിച്ച് ഞാൻ നോട്ടീസ് നല്കുന്നു:

"ഗവേഷണ കേന്ദ്രങ്ങളും ക്യാമ്പസുകളും സ്വകാര്യ വ്യക്തികൾക്ക് കൈമാറ്റം ചെയ്തതും, 25 വർഷത്തിലധികം സർവ്വീസുള്ള 500-ഓളം ശാസ്ത്രജ്ഞൻമാരെ തരംതാഴ്ത്തിയും കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്ന നടപടി സഭ ചർച്ച ചെയ്യണം."

LIBRARY ARCHIVES Kerala Legislative Assembly